25 years

Kandanad

# Diocesan BULLETIN

A PUBLICATION OF THE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

Vol. 5 No. 6, 15 June 2017

എഡിറ്റോറിയൽ

# ശിക്ഷ വിവേകപൂർവ്വം മാത്രം

ഒരു എട്ടുവയസ്സുകാരനെ അവന്റെ അമ്മ തീക്കൊള്ളികൊണ്ട് പൊള്ളലേല്പിച്ച സംഭവം കഴിഞ്ഞ ദിവസം മിക്ക വാർത്താ മാധ്യമങ്ങളും റിപ്പോർട്ടു ചെയ്തിരുന്നു. തൊടുപുഴയിലാണ് അത് നടന്നത്. ടെലിവിഷൻ ചാനലുകൾ പൊള്ളലിന്റെ അടയാളങ്ങൾ കാണിക്കുകയുമുണ്ടായി. ഈ ക്രൂര കൃത്യത്തിന് കുട്ടിയുടെ അച്ഛൻ അമ്മയെ പിന്തുണ ച്ചതായിട്ടാണ് വാർത്തയിൽ പറഞ്ഞത്. കുഞ്ഞിന്റെ കരച്ചിൽ കേട്ടെത്തിയ അയൽവാസികളിൽ ഒരാൾ കാര്യം ശിശുക്ഷേമ പ്രവർത്തകരെ അറിയിക്കുകയും അവർ മുഖേന പോലീസ് ഇടപെട്ട് കുട്ടിയുടെ മാതാ പിതാക്കളെ കസ്റ്റഡിയിലെടുക്കുകയും ചെയ്തു എന്നുമാണ് വിവരം.

മാതാപിതാക്കളുടെ ഈ ശിക്ഷാരീതിയെ ആരും ശരിവയ്ക്കുമെന്നു തോന്നുന്നില്ല. കാരണം അത് അത്രയ്ക്ക് ക്രൂരവും കിരാതവുമായിപ്പോയി. തിരിച്ചറിവിന് പ്രായമെത്താത്ത ഒരു കുട്ടിയെ ഈ വിധം ശിക്ഷിക്കുന്നത് കുട്ടി ചെയ്ത കുറ്റകൃത്യം എത്രതന്നെ കടുത്തതാണെങ്കിലും അധികാമായി പ്പോയെന്നു പറയാതെ വയ്യ. കുട്ടികളെ അവരുടെ അച്ഛനമ്മമാരും അധ്യാപകരും ശിക്ഷിക്കുന്നത് അംഗീകരിക്കാത്ത സമൂഹമാണ് ഇന്നത്തേത്. വടി യുടെ പ്രയോഗം വീട്ടിലും വിദ്യാലയത്തിലും നിയ മവിരുദ്ധമായിത്തീർന്നിരിക്കുന്നു. കുഞ്ഞുങ്ങൾ നിർഭയരായി, സ്വതന്ത്രരായി, അല്ലലറിയാതെ വള രട്ടെ എന്നതാണ് ആധുനികസമൂഹത്തിന്റെ പൊതു കാഴ്ചപ്പാട്. കുട്ടികളുടെ നേർക്കുള്ള ക്രൂരത അക്ഷ ന്തവ്യമായ കുറ്റകൃത്യമായിട്ടാണ് കരുതപ്പെടുന്നത്.

മേൽപറഞ്ഞ കുട്ടിയുടെ ദേഹത്ത് പുതിയ പൊള്ളലടയാളങ്ങൾക്കു പുറമെ പഴയവയുടെയും വടുക്കൾ കാണുന്നതായിട്ടാണ് ടെലിവിഷൻ ദൃശ്യ ങ്ങൾ വ്യക്തമാക്കിയത്. ഈ വസ്തുത കുട്ടിയുടെ മാതാപിതാക്കളുടെ ക്രൂരത കൂടുതൽ രൂക്ഷമാ ക്കുന്നു.

തന്റെ പിഞ്ചുമകൻ ഭാവിയിൽ ഒരു പെരും കള്ളനായിത്തീർന്ന് തങ്ങൾക്കും സമൂഹത്തിനും അപമാനവും ഭീഷണിയും ആയിത്തീരാതിരിക്കുവാ നാണ് താനീ കടുംകൈ ചെയ്തതെന്നാണ് ആ കുട്ടി യുടെ അമ്മ ചോദ്യം ചെയ്ത പോലീസിനോട് പറ ഞ്ഞതായി കേട്ടത്. കുഞ്ഞിന്റെ അച്ഛൻ അതിനെ പിന്തുണച്ചാണ് സംസാരിച്ചത്. കുട്ടി സ്വന്തം വീട്ടിൽ നിന്ന് നിരന്തരം നടത്തുന്ന മോഷണങ്ങൾ മറ്റൊരു വിധത്തിലും നിർത്തിക്കുവാൻ കഴിയാതെ വന്ന പ്പോൾ അറ്റകൈയായിട്ടാണ് ഈ കാടത്തം സ്വന്തം കുഞ്ഞിനോടു കാണിക്കേണ്ടിവന്നതെന്നാണ് ആ മാതാപിതാക്കളുടെ വിശദീകരണം. അവർ കുഞ്ഞി ന്റെ യഥാർത്ഥ മാതാപിതാക്കൾ ആണ്എന്ന നില യിൽ അവരുടെ ആത്മാർത്ഥതയെ നിരാകരിക്കു വാനോ, കുറച്ചു കാണുവാനോ എനിക്കു സാധി ക്കുകയില്ല. കാരണം മൂന്നര പതിറ്റാണ്ടു നീണ്ട എന്റെ അധ്യാപന ജീവിതത്തിനിടയിൽ ഒട്ടേറെ അച്ഛനമ്മമാരുടെ ഇത്തരത്തിലുള്ള നിസ്സഹായ തയ്ക്ക് മാപ്പുസാക്ഷിയാകേണ്ട അനുഭവങ്ങൾ എനി ക്കുണ്ടായിട്ടുണ്ട്. അധ്യാപകന് ഒന്നും രണ്ടുമല്ല ആ യിരക്കണക്കിന് കുട്ടികളാണല്ലോ ഉണ്ടായിരിക്കുക. തങ്ങളുടെ പിഞ്ചുകുഞ്ഞുങ്ങളുടെ ദുഷ്കൃത്യങ്ങളിൽ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ശിക്ഷ വിവേകപൂർവ്വം മാത്രം** ..................... 1

**വിശ്വാസ്യത നേടിയിട്ടുപോരേ സമ്മർദ്ദം?** .................... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**മെത്രാനെ സ്മാർത്തവിചാരം ചെയ്താൽ ?** .... 6
ഡോ. എം. കുര്യൻ തോമസ്

**അനുതാപത്തിലെ ഫലങ്ങൾ രക്ഷയുടെ അച്ചാരം** .................... 9
ഡോ. തോമസ് മാർ അത്താനാസ്യോസ്

**മൂടുപടം** .................... 11
ജോയി മേക്കോട്ടിൽ

**BISHOPS' TRANSFER- A POLICY RETHINKING** .................... 13
Dr. K.M. George

**ദൈവം എവിടെ വസിക്കുന്നു?** ............... 14
എം. സൈമൺ

**വാർത്തകൾ, അറിയിപ്പുകൾ** .............. 15–16


നെഞ്ചുരുകി വേദനിക്കേണ്ടതായും തല താഴ്ത്തേണ്ട അവഹേളനങ്ങൾ ഏല്ക്കേണ്ടതായും വരുമ്പോൾ പ്രത്യേകിച്ചും അഭിമാനികളായ മാതാപിതാക്കളുടെ വൈകാരിക വിസ്ഫോടനം കൺമുമ്പിൽ കാണേണ്ട അവസരങ്ങൾ പലതെനിക്ക് ഉണ്ടായിട്ടുണ്ട്. അതിന്റെ സ്മരണകളാണ് ആ അമ്മയുടെ കണ്ഠമിടറിയ വാക്കുകൾ എന്നിൽ ഓരോന്നായി തട്ടിയുണർത്തിയത്. സമർത്ഥരും സത്സ്വഭാവികളുമായ സന്താനങ്ങൾ മാതാപിതാക്കളുടെ മികവിനേക്കാൾ ഭാഗ്യവും ദൈവാനുഗ്രഹമായി മാത്രമേ തിരിച്ചറിയാൻ അനുഭവങ്ങൾ പ്രേരകമാകുന്നുള്ളൂ.

വിവിധതരം കുറ്റകൃത്യങ്ങളിൽ പിടിയിലാകുന്നവരുടെ ചിത്രങ്ങൾ അനുദിനം മാധ്യമങ്ങളിൽ നാം കാണുന്നില്ലേ? ചിലരുടെ തലയിൽ ചാക്കു മൂടി അവരുടെ കൈപിടിച്ച് പോലീസ് കൂട്ടിക്കൊണ്ടുപോകുന്നു. ചിലർ കൈയിൽ കിട്ടിയ വസ്തുകൊണ്ട് മുഖം മറയ്ക്കാൻ ശ്രമിക്കുന്നു. മറ്റു ചിലർ തങ്ങളുടെ കൈകൾകൊണ്ട് മുഖം പൊത്തി വിരലുകൾക്കിടയിലൂടെ നോക്കുന്നു. വേറെ ചിലർ ക്യാമറയിൽ നിന്ന് മുഖം തിരിച്ച് വ്യക്തിത്വം വെളിപ്പെടാതെ സൂക്ഷിക്കുന്നു. എല്ലാം സ്വന്തം നാണക്കേട് പുറത്തായതിന്റെ ജാള്യം മറയ്ക്കുവാനുള്ള തത്രപ്പാടുകൾ. ഇവരുടെ അച്ഛനമ്മമാരും കൂടെപ്പിറപ്പുകളുമെല്ലാം ഉൾപ്പെടുന്ന പ്രേക്ഷകരാണ് ഇതെല്ലാം കാണുന്നത് എന്ന കാര്യം നാം മറക്കരുത്. അവർ നല്ലവരാണെങ്കിൽ ഈ ദൃശ്യങ്ങൾ അവരിൽ സൃഷ്ടിക്കുന്ന ആഘാതങ്ങൾ എത്ര കടുത്തതായിരിക്കുമെന്നു നാം ഓർക്കാറില്ല. മക്കളെ നേർവഴിക്കു നടത്താത്തതിന്റെ ശാപമെന്ന് നാം റിമാർക്കടിക്കുകയും ചെയ്യും. പിടിക്കപ്പെട്ട ചിലർ കൂസലെന്യേ വി.വി.ഐ.പി.മാരേപ്പോലെ നടന്നുപോകുന്ന ദൃശ്യങ്ങളും അപൂർവ്വമല്ല. എങ്കിലും അവരുടെ അഭിനയം അവരെതന്നെ ഒറ്റിക്കൊടുക്കുന്നതായി ആർക്കും തിരിച്ചറിയാവുന്നതേയുള്ളൂ.

ഒരിക്കൽ സ്കൂളിൽ പ്രേമപത്രം കൈമാറിയ ഒരു പെൺകുട്ടിയെ വിളിച്ചു ചോദ്യം ചെയ്തപ്പോൾ മനസ്സലായി ചെറുക്കൻ രണ്ടു കത്തുകൾ നല്കിയപ്പോൾ അവൾ നാലെണ്ണം മറുപടിയായി കൊടുത്തെന്ന്. എല്ലാം നല്ല ചൂടൻ. തുടർന്നന്വേഷിച്ചപ്പോൾ അറിഞ്ഞു അവൾ പല ആൺകുട്ടികൾക്കും ഇങ്ങനെ നൽകിയിട്ടുണ്ടെന്ന്. പിറ്റേന്ന് അച്ഛനെക്കൂട്ടി സ്കൂളിൽ വരണമെന്നു പറഞ്ഞിട്ട് അമ്മയാണ് ഹാജരായത്. അവർക്ക് ഒരപേക്ഷയേ ഉണ്ടായിരുന്നുള്ളൂ. കുട്ടിയുടെ അച്ഛനെ വിവരം അറിയിക്കരുതേയെന്ന്. അദ്ദേഹം അറിഞ്ഞു പോയാൽ മകളുടെയും അമ്മയുടെയും തലയെടുക്കും പോലും! കണ്ടില്ലേ മക്കളുടെ വിക്രിയകൾ മാതാപിതാക്കളിലുണ്ടാക്കുന്ന അഭിമാനക്ഷതം! ചാരിത്ര്യഭംഗം അനുഭവത്തിൽ നിന്നു പഠിക്കട്ടെ എന്നു സമാധാനിക്കാൻ മാത്രം നമ്മുടെ നാടു പുരോഗമിച്ചിട്ടില്ലല്ലോ. പുരോഗമിക്കണോ?

മറ്റൊരു വിരുതൻ ഒരു 'ഫുൾ' സ്കൂളിൽ കൊണ്ടുവന്ന് ഇടവേളയിൽ കൂട്ടുകാരുമായി ഷെയർ ചെയ്തു.

*(ശേഷം 12-ാം പേജിൽ)*

**മെത്രാപ്പോലീത്തായുടെ കത്ത്**

# വിശ്വാസ്യത നേടിയിട്ടുപോരേ സമ്മർദ്ദം?

**കേ**രളത്തിൽ മദ്യനിരോധനം നടപ്പിലാക്കുവാൻ കർശനമായ നിലപാടെടുക്കണം എന്ന ആവശ്യവുമായി ക്രൈസ്തവ സഭകൾ ഒറ്റയ്ക്കും സംയുക്തമായും സഭാസംഘടനകൾ വഴിയുമെല്ലാം സർക്കാരിന് അന്ത്യശാസനം നൽകിക്കൊണ്ടിരിക്കുകയാണല്ലോ. സഭയുടെ ഈ സമീപനം സംബന്ധിച്ച് ധാരാളം പ്രതികരണങ്ങൾ ഉയർന്നു വരുന്നുണ്ട്. ഇവ എല്ലാം ഗൗരവമായി വിലയിരുത്തി സഭ ഒരു മദ്യനയത്തിന് രൂപം കൊടുക്കേണ്ടതായിട്ടുണ്ട്. മദ്യനിരോധനം കർശനമായി നടപ്പിലാക്കുക പ്രായോഗികമാണോ, അതിന്റെ പ്രത്യാഘാതങ്ങൾ എത്രമാത്രം ഗുരുതരമാണ്, ഭക്ഷണപാനീയങ്ങൾ ഏതെങ്കിലും ഒന്നിന് പൂർണ്ണമായ നിരോധനം ഏർപ്പെടുത്തുന്നത് ഒരു ജനാധിപത്യ സംവിധാനത്തിൽ സാധൂകരിക്കാവുന്നതാണോ, നിരോധനം ഏർപ്പെടുത്തുന്നതിന് സർക്കാരിന്റെ മേൽ സമ്മർദ്ദം ചെലുത്തുവാൻ സഭയ്ക്ക് വിശ്വാസ്യത ആർജിക്കുവാൻ ഇതിനോടകം കഴിഞ്ഞിട്ടുണ്ടോ, ഈ വിഷയത്തിന്റെ സങ്കീർണ്ണത മനസ്സിലാക്കി പഠിക്കുവാനുള്ള സന്നദ്ധത സഭ കാണിച്ചിട്ടുണ്ടോ, ഇതെല്ലാം ഈ വിഷയത്തോടനുബന്ധമായി അന്വേഷിക്കേണ്ട കാര്യങ്ങളാണ്.

കേരളത്തിൽ കഴിഞ്ഞ കാലത്ത് മദ്യത്തിന്റെ ഉപഭോഗം കാര്യമായി വർദ്ധിച്ചിട്ടുണ്ട്. ഈ പ്രവണത ഉൽകണ്ഠാജനകമാണ് മദ്യ ഉപഭോഗത്തിന്റെ അളവും വ്യാപ്തവും കുറയ്ക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ നിരത്തി മുമ്പൊരിക്കൽ ഒരു തുടർലേഖനം തന്നെ ഞാൻ പ്രസിദ്ധീകരിച്ചിരുന്നു. തീർച്ചയായും മദ്യാസക്തിയുടെയും ഉപഭോഗവർദ്ധനവിന്റെയും വ്യാപനവും തീവ്രതയും ഏറെ ആശങ്കയോടെ മാത്രമേ ഉത്തരവാദിത്തബോധമുള്ള ഒരു പൗരസമൂഹം എന്ന നിലയിൽ ക്രൈസ്തവ സഭയ്ക്കും വീക്ഷിക്കാനാവൂ. മദ്യം വ്യക്തിയിൽ സൃഷ്ടിക്കുന്ന ആരോഗ്യ-മാനസിക പ്രശ്നങ്ങൾ, കുടുംബത്തിൽ ഉണ്ടാക്കുന്ന തകർച്ച ഇവയൊന്നും അവഗണിക്കാനാവില്ല. കൂടാതെ സമൂഹത്തിൽ ഉത്പാദനമേഖലകളിൽ അത് വരുത്തുന്ന കുറവ്, ഭരണ-കാര്യനിർവ്വഹണ രംഗങ്ങളിൽ അതുവഴി വ്യാപകമാകുന്ന അഴിമതി, കാര്യക്ഷമതയില്ലായ്മ തുടങ്ങിയവ ഈ വിഷയവുമായി ചേർത്ത് ചിന്തിക്കേണ്ടതാണ്. വാഹനഅപകടങ്ങൾ, ധാർമ്മിക ചിന്തയിൽ വന്ന അധഃപതനം എന്നിവയെല്ലാം അനുബന്ധ വിഷയങ്ങളാണ്. അതുകൊണ്ട് ഈ സാമൂഹിക പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ആ ലേഖനത്തിൽ വ്യക്തമാക്കിയിരുന്നു. ആ നിലപാടിൽ തന്നെ ഉറച്ചു നിന്നുകൊണ്ടാണ് കേരള ക്രൈസ്തവ സഭകളുടെ മദ്യനിരോധനസമ്മർദ്ദ നീക്കത്തെ വിലയിരുത്തുന്നത്.

ഒരു ജനാധിപത്യ-മതനിരപേക്ഷ രാഷ്ട്രത്തിൽ നിലവിൽ അനുവദനീയമായ ഭക്ഷണപാനീയങ്ങൾ നിരോധിക്കുന്നതിന് നിയമപരമായ പരിമിതികൾ ഉണ്ട്. മതശാസനകൾ അടിസ്ഥാനമാക്കി ഭരണം നടക്കുന്ന രാജ്യത്താണ് എങ്കിൽ ഇതെളുപ്പമാണ്. കശാപ്പിനായി കന്നുകാലികളെ മാർക്കറ്റിൽ ക്രയവിക്രയം ചെയ്യുന്നതിനെ കേന്ദ്രസർക്കാർ തടഞ്ഞതിനെതിരെ കോടതി ഇടപെടുന്നതും സമൂഹത്തിൽ എതിർപ്പുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഈ പശ്ചാത്തലത്തിലാണ്. മൃഗങ്ങളോടുള്ള ക്രൂരതയുടെ ഭാഗമായോ ലക്ഷ്യമില്ലാതെയോ മൃഗങ്ങളെ കൊല്ലുന്നത് തടയുവാനാകും. അതുപോലെ മദ്യപിക്കുന്നത് അപ്പാടെ തടയുവാൻ ആവില്ലെങ്കിലും മദ്യപിച്ച് വാഹനമോടിക്കുന്നതും മദ്യം കഴിച്ചിട്ട് ജോലി സ്ഥലത്തെത്തുന്നതുമെല്ലാം അനുവാദമില്ലാത്ത കാര്യങ്ങളാണ്. പുകവലിക്കുവാൻ അനുവാദമുണ്ട് എങ്കിലും പൊതുസ്ഥലത്ത് അതിനുള്ള സ്വാതന്ത്ര്യം നിയമം നൽകുന്നില്ല. എന്നാൽ മദ്യത്തിന്റെയും മാട്ടിറച്ചിയുടെയും പുകവലിയുടെയുമെല്ലാം പൂർണ്ണമായ ഉപഭോഗ സ്വാതന്ത്ര്യം മത-സാമൂഹിക ഘടനകളുടെ സ്വാധീനപ്രകാരം നിരോധിക്കാനാവില്ല. അത് മനുഷ്യന്റെ അടിസ്ഥാനസ്വാതന്ത്ര്യത്തിന്മേലുള്ള കൈയ്യേറ്റമായിത്തന്നെ കാണണം. എന്നാൽ അതേ സമയം തന്നെ അവ മൂലം സമൂഹം നശിക്കുവാനും മറ്റുള്ളവർക്ക് ഇടർച്ചയുണ്ടാവാനും പാടില്ല. 'റെഡ്മീറ്റ്' ആരോഗ്യത്തിന് നല്ലതല്ല എന്ന് വൈദ്യശാസ്ത്രത്തിന്റെ കണ്ടെത്തൽ പ്രകാരം അത് ഭക്ഷിക്കുന്നതും സവർണ്ണ ഹിന്ദുക്കളുടെ കാഴ്ചപ്പാടിൻ പ്രകാരം കന്നുകാലി പുണ്യമൃഗമായതിനാൽ അതിനെ കശാപ്പുചെയ്യുന്നതും പന്നി മുസ്ലീമുകൾക്ക് ഹറാം ആയതിനാൽ അതിന്റെ മാംസത്തിന്റെ ഉപയോഗം നിരോധിക്കുന്നതും നിയമസാധുത ഉള്ള ഒരു നടപടിയായി ഇന്ത്യ പോലുള്ള ഒരു സെക്കുലർ ഡെമോക്രാറ്റിക് വ്യവസ്ഥിതിയിൽ നിയമപരമായി സാധൂകരിക്കാനാവില്ല. അതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള സമ്മർദ്ദങ്ങൾക്ക് വിധേയമായി മനുഷ്യന്റെ അടിസ്ഥാനഭക്ഷണപാനീയങ്ങൾക്ക് വിലക്കേർപ്പെടുത്തുന്നതിന് പരിമിതികളുണ്ട്.

കേരളത്തിനു പുറത്ത് ഇതര സംസ്ഥാനങ്ങളിലും വിദേശത്തും ക്രൈസ്തവ സഭകൾ മദ്യനിരോധനത്തിന് അനുകൂലമായ നിലപാട് എടുക്കുന്നില്ല. ക്രൈസ്തവർ ഭൂരിപക്ഷമുള്ള രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും മദ്യനിരോധനം നിലവിലുമില്ല. സഭയ്ക്ക് ഗണ്യമായ സ്വാധീനമുള്ള നാഗാലാൻഡിൽ പോലും മദ്യലഭ്യത ഇല്ലാതായത് സഭയുടെ ഇടപെടൽ കൊണ്ടല്ല, പ്രത്യുത സ്ത്രീ സംഘടനകളുടെ ചെറുത്തുനിൽപുകൊണ്ടാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ മാത്രം ക്രൈസ്തവ സഭകൾ മദ്യം നിരോധിക്കുവാൻ ഭരണകൂടത്തെ നിർബന്ധിക്കുന്നത് എന്തുകൊണ്ട് എന്ന ചോദ്യം പൊതുസമൂഹത്തിൽ നിന്നുയരുന്നു. കിഴക്കൻ യൂറോപ്പിലും റഷ്യയിലുമുള്ള ഓർത്തഡോക്സ് സഭാംഗങ്ങൾ ആൽക്കഹോൾ ഉള്ളടക്കം വളരെ കൂടിയ 'വോഡ്ക' നൽകിയാണ് അതിഥികളെ സ്വീകരിക്കുന്നത്. യൂറോപ്പിൽ മദ്യ ഉത്പാദന കേന്ദ്രങ്ങൾ പലതും സഭയുടെ ഉടമസ്ഥതയിലാണ്. അടുത്തകാലത്ത് റിട്ടയർ ചെയ്ത പരി. ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പ ജന്മദിനം ആഘോഷിച്ചപ്പോൾ ബിയർകോപ്പ ഉയർത്തിപ്പിടിച്ചു നിൽക്കുന്നതിന്റെ ചിത്രം സാമൂഹിക മാധ്യമങ്ങളിൽ പ്രചരിച്ചിരുന്നു. യൂറോപ്പിലെ യാഥാസ്ഥിതിക ആശ്രമങ്ങൾപോലും വീര്യമുള്ള മദ്യ ഇനങ്ങൾ ഉത്പാദിപ്പിച്ച് ഭക്ഷണത്തോടൊപ്പം ആഹരിക്കുന്നു. ഈ സാഹചര്യത്തിൽ സാധാരണക്കാരായ മലയാളികൾക്ക് മദ്യം നിഷേധിക്കുന്നതിന് സമ്മർദ്ദം ചെലുത്തുവാൻ ക്രൈസ്തവ സഭയ്ക്ക് എന്ത് ന്യായമാണുള്ളത് എന്നാണ് സമൂഹത്തിൽ നിന്നുയരുന്ന വിമർശനം. സഭയ്ക്ക് സ്വാധീനമുള്ള ഗോവ പോലെ മദ്യം ഒഴുകുന്ന സംസ്ഥാനങ്ങളിൽ പോലും സഭ ഈ വിഷയത്തിൽ നിശബ്ദത പാലിക്കുന്നു. അതായത് കേരളത്തിനുപുറത്ത് എല്ലായിടത്തും മദ്യോപഭോഗ വിഷയത്തിൽ നിഷ്ക്രിയത്വം പാലിക്കുന്ന ക്രൈസ്തവ സഭകൾ എന്തുകൊണ്ട് കേരളത്തിൽ ഭരണകൂടത്തിനെതിരെ സമ്മർദ്ദം ഏർപ്പെടുത്തുന്നു എന്നത് ന്യായമായ ഒരു ചോദ്യമാണ്.

കേരളത്തിലെ ക്രൈസ്തവ സഭ ഇവിടെ മദ്യം സൃഷ്ടിച്ചിരിക്കുന്ന ദുഃസ്ഥിതി വിലയിരുത്തി സ്വതന്ത്രമായ നിലപാടെടുക്കുന്നത് ശരിയായ കാര്യം ആണ്. മനുഷ്യന്റെ മദ്യാസക്തി കേരളസമൂഹത്തിൽ കാരണമാക്കിയ ആശങ്കാജനകമായ സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കുവാനുള്ള ശ്രമത്തിൽ സഭയും പങ്കുചേരേണ്ടത് തന്നെയാണ്. എന്നാൽ ഭരണകൂടത്തിന്മേൽ സമ്മർദ്ദം ചെലുത്തി നിരോധനം ഏർപ്പെടുത്തുന്നത് ഈ പ്രശ്നത്തിന് പരിഹാരമാകുന്നില്ല എന്നതാണ് ഈ സമീപനത്തോടുള്ള വിയോജിപ്പ്. മാത്രമല്ല സഭകൾക്ക് ഇക്കാര്യത്തിൽ ഗുപ്തമായ ഒരു രാഷ്ട്രീയലക്ഷ്യമുണ്ടോ എന്നും ജനം സംശയിക്കുന്നു. അധികാരത്തിൽ വന്നാൽ മദ്യനയം പുനപരിശോധിക്കും എന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി തെരഞ്ഞെടുപ്പിനുമുൻപ് പ്രഖ്യാപിച്ചിട്ടും കേരളം ആ മുന്നണിയെത്തന്നെ അധികാരത്തിലേറ്റി. യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ മദ്യനയത്തിന് മാറ്റം എൽ.ഡി.എഫ്. വരുത്തുന്നു എങ്കിൽ പ്രതികരിക്കേണ്ടത് ആ മുന്നണി ആയിരുന്നു. എന്നാൽ അവർ ഇക്കാര്യത്തിൽ മൗനം പാലിക്കുന്നു. ഏറെ ദുർബലമായിക്കഴിഞ്ഞിരിക്കുന്ന ഐക്യ ജനാധിപത്യ മുന്നണിയെ സഹായിക്കുവാനാണ് സഭകൾ ഇതുവഴി ശ്രമിക്കുന്നത് എന്ന വിമർശനം ഉയർന്നിട്ടുണ്ട്. അതായത് ഇടതുപക്ഷ ജനാധിപത്യ പാർട്ടിക്ക് ഭരണ പ്രതിസന്ധി സൃഷ്ടിക്കുവാൻ ഉള്ള രാഷ്ട്രീയ തന്ത്രമാണ് സഭകൾ ഏറ്റെടുത്തിരിക്കുന്നത് എന്ന ആരോപണമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. തങ്ങൾക്ക് ഇക്കാര്യത്തിൽ രാഷ്ട്രീയ ലക്ഷ്യമില്ല എന്നത് സമൂഹത്തെ ബോധ്യപ്പെടുത്താൻ സഭയ്ക്ക് സാധിക്കണമെങ്കിൽ മദ്യവ്യാപനത്തെ തടയുവാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഉന്നയിക്കുവാൻ സഭയ്ക്ക് സാധിക്കണം.

കേരളത്തിലെ ക്രൈസ്തവർ ഇവിടുത്തെ മറ്റ് മത-സമുദായങ്ങളേക്കാൾ മദ്യ ഉപഭോഗ കാര്യത്തിൽ ഏറെ മുമ്പിലാണ് എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. മദ്യവിതരണ രംഗത്തും നിർണ്ണായക പങ്ക് വിശ്വാസികൾക്കു തന്നെ. ഇത്രമാത്രം സംഘടിതമായ സഭാസംവിധാനവും വിശ്വാസികളുടേമേൽ ഗണ്യമായ നിയന്ത്രണശേഷിയും സഭയ്ക്കുണ്ടായിട്ടും ആളോഹരി മദ്യോപഭോഗത്തിനും മദ്യ ഉത്പാദന-വിപണനരംഗത്തുള്ള പങ്കാളിത്തത്തിലും ക്രൈസ്തവർ മുമ്പിൽ നിൽക്കുന്നു. ഈ ദു:സ്ഥിതിയുടെ ഉത്തരവാദിത്തത്തിൽ നിന്ന് സഭ മാറി നിന്നുകൊണ്ടാണ് തങ്ങൾ നിർവ്വഹിക്കാത്ത കാര്യം സർക്കാരിനെക്കൊണ്ട് ചെയ്യിക്കുവാൻ ശ്രമിക്കുന്നത്. മദ്യ ഉത്പാദന-ഉപഭോഗ-വിപണനരംഗത്തെ ഈ മുന്നേറ്റം നിയന്ത്രിക്കുവാൻ സാധിക്കാത്ത സഭ അതിന്റെ ബാധ്യത സർക്കാരിന്റെ പിടലിയിൽ കെട്ടിവയ്ക്കാനാണ് ശ്രമിക്കുന്നത് എന്ന വിമർശനത്തിന് സഭ മറുപടി പറയേണ്ടതായി വരുന്നു. സഭയുടെ അംഗീകാരമില്ല എന്ന പേരിൽ പ്രാർത്ഥനാ കൂട്ടായ്മയിൽ പോകുന്നത് വിലക്കുകയും, അതിന് ചെവികൊടുക്കാത്ത സഭാംഗങ്ങളെ സഭയിൽ നിന്ന് ബഹിഷ്ക്കരിക്കുകയും, കുടിശിഖക്കാരുടെ മേൽ കടുത്ത ശിക്ഷണനടപടി എടുക്കുവാൻ നിഷ്കർഷ കാണിക്കുകയും ചെയ്യുന്ന സഭ മദ്യ കച്ചവടക്കാരെയും ഉൽപാദകരെയും നിയന്ത്രിക്കുവാൻ ശ്രമിക്കുന്നതേയില്ല. വിശ്വാസികൾ ഇരുപത്തിനാലുമണിക്കൂറും മദ്യപിച്ച് ലക്കുകെട്ട് കഴിഞ്ഞു കൂടിയാലും അതൊരു പിശകായി സഭ കാണുന്നുമില്ല. മദ്യപാനികളെ ലഹരി വിമുക്തരാക്കുവാൻ വേണ്ടി

സൃഷ്ടിക്കപ്പെട്ട സ്ഥാപനങ്ങളാകട്ടെ പലപ്പോഴും കച്ചവട കേന്ദ്രങ്ങളായിട്ടാണ് പ്രവർത്തിക്കുന്നത്. മദ്യപാനികളെ നിയന്ത്രിക്കാൻ പോയാൽ അംഗങ്ങളുടെ ശോഷണവും അബ്കാരി മുതലാളികളെ ആ രംഗത്തുനിന്നും പിന്തിരിപ്പിച്ചാൽ സാമ്പത്തിക നഷ്ടവും ഉണ്ടാകുമെന്ന് സഭയ്ക്കറിയാം. അതുകൊണ്ട് തങ്ങൾക്ക് ആൾ-സാമ്പത്തിക നഷ്ടങ്ങൾ ഉണ്ടാകാതിരിക്കുവാൻ മദ്യനിയന്ത്രണം സൗകര്യപൂർവ്വം പൂർണ്ണമായും സർക്കാരിനെ ഏൽപിച്ചിരിക്കുന്നു എന്ന വിമർശനത്തിനും സഭയ്ക്ക് മറുപടി പറയാൻ ബാദ്ധ്യതയുണ്ട്. മദ്യ ഉത്പാദകരെയും വിതരണക്കാരെയും നിയന്ത്രിക്കുവാനും ആവശ്യമായി വന്നാൽ പുറത്താക്കുവാനും മദ്യപരായ സഭാംഗങ്ങളെ ആ ദുശ്ശീലത്തിൽ നിന്ന് വീണ്ടെടുക്കാനും സഭ ജാഗ്രത പ്രദർശിപ്പിച്ച് ഈ വിഷയത്തിൽ തങ്ങളുടെ ആത്മാർത്ഥത തെളിയിക്കുന്നതിൽ പരാജയപ്പെട്ടിട്ടില്ലേ എന്ന ആത്മവിമർശനം ആവശ്യമായി വരും. സർക്കാരിൽ നിന്നു സഭ ആവശ്യപ്പെടുന്ന കർക്കശ സമീപനം സഭ അതിലെ അംഗങ്ങളിൽ പ്രയോഗിക്കാത്തതാണ് മദ്യ ഉപഭോഗ വ്യാപനത്തിന്റെ ഒരു പ്രധാനകാരണം എന്നു പറയേണ്ടി വരുന്നു.

രണ്ടായിരം വർഷത്തെ പാരമ്പര്യം അവകാശപ്പെടുന്ന കേരള സഭകൾ അവയുടെ അംഗങ്ങളെ മദ്യവിമുക്ത സമൂഹമായി രൂപപ്പെടുത്തുന്നതിൽ പരാജയപ്പെട്ടെങ്കിൽ അവയ്ക്ക് ജനത്തിന്റെ മേൽ ധാർമ്മീകവും ആത്മീയവുമായ നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുന്നു എന്നു ചിന്തിക്കേണ്ടിവരും. കേരള ക്രൈസ്തവരെ മദ്യസംസ്കാരത്തിൽ നിന്നു വിമുക്തമാക്കുവാൻ സഭ ഉറച്ച തീരുമാനം എടുത്ത് അത് കേരള സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടതാണ്. സഭാ ജീവിതത്തിൽ കാണുന്ന ലാഘവസമീപനവും ജാഗ്രതക്കുറവും സമൂഹത്തിൽ മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുന്നതിനുള്ള പശ്ചാത്തലമായി സഭ തിരിച്ചറിയണം. അതുകൊണ്ട് സഭാജീവിതം ചിട്ടയുള്ളതാക്കി വിശ്വാസികളെ മദ്യാസക്തിയിൽ നിന്നു സ്വതന്ത്രരാക്കുവാനും മദ്യവ്യാപനത്തിനു കൂട്ടുനിൽക്കുന്നവരെ നിയന്ത്രിക്കുവാനുമുള്ള ബാധ്യത സഭ ഏറ്റെടുക്കുകയാണ് പ്രാഥമികമായി ചെയ്യേണ്ടത്.

മദ്യത്തിന്റെ വ്യാപനം സഭയ്ക്കുള്ളിൽ തടയാൻ അതിനു കഴിയുന്നില്ല എന്നു മാത്രമല്ല സഭയുടെ നേതൃത്വനിരയിൽ തന്നെ മദ്യം പ്രവഹിക്കുന്നതായി ആരോപണവുമുണ്ട്. ഞാൻ കോളേജിൽ വിദ്യാർത്ഥി ആയിരുന്ന കാലത്ത് എന്റെ ഒരു സുഹൃത്തിന്റെ സഹോദരന്റെ നവപൂജാർപ്പണത്തിൽ സംബന്ധിച്ചു. വിദേശത്ത് പഠനം പൂർത്തിയാക്കിയ അച്ചന്റെ ആദ്യ കുർബ്ബാനയ്ക്ക് ബിഷപ്പും ഒരു വലിയ വൈദീക സമൂഹവും തന്നെ എത്തിയിരുന്നു. അവർക്ക് ഭക്ഷണം വിളമ്പുന്ന സംഘത്തെ സഹായിക്കുവാൻ ഞാനും ഉണ്ടായിരുന്നു. ഭക്ഷണത്തിന്റെ ഒരു കോഴ്സ് കപ്പ ബിരിയാണിയും ചാരായവും ആയിരുന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ആരും തന്നെ ആ ഭക്ഷണം വർജ്ജിച്ചതായി എന്റെ ശ്രദ്ധയിൽ പെട്ടില്ല.

അടുത്തകാലത്ത് ജർമ്മനി സന്ദർശിച്ച ഒരു അച്ചൻ പറഞ്ഞ കഥ ഇതിനോടനുബന്ധിച്ച് ചേർക്കുന്നു. അവിടെ പഠനം നടത്തി പിന്നീട് മെത്രാനായ ഒരാളാണ് കഥാപാത്രം. അദ്ദേഹം ജർമ്മനിയിൽ തന്റെ പരിചയക്കാരായ മലയാളികളെ സന്ദർശിക്കാൻ ചെല്ലാറുണ്ട്. അദ്ദേഹം വരുമെന്ന് അറിയുമ്പോൾതന്നെ അവർ ഫ്രിഡ്ജിൽ നിന്ന് മദ്യക്കുപ്പികൾ മാറ്റിവയ്ക്കും. അദ്ദേഹത്തിന് മദ്യം കൊണ്ട് വയറു നിറയുന്നതല്ല; കുപ്പികൾ കാലിയാകുന്നതാണ് കണക്ക് എന്നാണ് വിശ്വാസികളുടെ സാക്ഷ്യം. സഭാഭരണഘടനയിൽ മദ്യപാനത്തിന് നിരോധനം ഇല്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ മേൽ ഭരണഘടനാ ലംഘനം ആരോപിക്കുവാൻ ആവില്ലല്ലോ.

സമീപ പ്രദേശത്ത് ഒരു സഭാദ്ധ്യക്ഷൻ പരസ്യമായി മദ്യപിച്ചത് പൊതുജനം അറിഞ്ഞതിനെ തുടർന്ന് അദ്ദേഹത്തെ ഭരണവിമുക്തനാക്കിയതും പിന്നീട് വടക്കേ ഇന്ത്യയിലെ ഏതോ ഒരു സ്ഥലത്തേയ്ക്ക് സ്ഥലം മാറ്റിയതും പൊതുജനത്തിനിടയിൽ പരസ്യമായിക്കഴിഞ്ഞിരിക്കുന്നു. സ്വയം കുടിക്കാറില്ലെങ്കിലും അനേകരെ കുടിപ്പിച്ച് ചട്ടമ്പികളാക്കി സഭാ ശുശ്രൂഷയ്ക്ക് ഒരുങ്ങുന്ന 'ശ്രേഷ്ഠ' പിതാക്കന്മാരും മദ്യനിരോധനത്തിന് പിന്തുണ നൽകുന്നു എന്നതും ആർക്കും അജ്ഞാതമല്ല. മേൽ പരാമർശങ്ങൾ ഒന്നും വ്യക്തിപരമായോ സാമുദായികപരമായോ ആക്ഷേപിക്കുന്നതിനുവേണ്ടി നടത്തിയതല്ല. ഇവരെല്ലാം ഉൾപ്പെടുന്ന ക്രൈസ്തവ പൗരോഹിത്യ നേതൃത്വം സർക്കാരിന്റെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനുമുമ്പ് വിശ്വാസ്യതയും ആർജ്ജവവും നേടിയിരിക്കണം എന്ന് ഓർമ്മിപ്പിച്ചു എന്നുമാത്രം.

ഭക്ഷണപാനീയങ്ങളിൽ പുതിയ നിയമമോ ആദിമസഭയോ നിരോധനം ഏർപ്പെടുത്തിയിരുന്നില്ല. എന്നാൽ അതി ഭക്ഷണവും ലഹരിയും ക്രൈസ്തവ സന്മാർഗ്ഗ ജീവിതത്തിന് അനുരൂപമായി സഭ കണ്ടിരുന്നില്ല. അത്തരത്തിൽ സഭാജനങ്ങളെ രൂപപ്പെടുത്തിയെടുക്കുവാൻ നേതൃത്വത്തിന് കഴിഞ്ഞിരുന്നതുകൊണ്ട് മദ്യപാനം തുടങ്ങിയ ദുശീലങ്ങൾ സഭയുടെ ആദ്യഘട്ടത്തിൽ സഭാജീവിതത്തിന് അന്യമായിരുന്നു. ആ പരിവർത്തനം സൃഷ്ടിക്കുവാൻ സഭയ്ക്ക് ഇന്നും കഴിയണം. അതിനായി തന്ത്രപരവും ഫലപ്രദവുമായ മാർഗ്ഗങ്ങളും ബോധവത്ക്കരണവും വഴി കേരള സമൂഹത്തിലെ മദ്യാസക്തി നിയന്ത്രിക്കുവാൻ സഭകൾ ആത്മാർത്ഥത പ്രകടിപ്പിക്കണം. ഇതിനായി ഭരണ

ലേഖനം

# മെത്രാനെ സ്മാർത്തവിചാരം ചെയ്താൽ?

**ഡോ: എം. കുര്യൻ തോമസ്**

2014 മാർച്ച് 20 എന്ന് ഓർക്കുമ്പോൾ ഈ ലേഖകൻ രോമാഞ്ചം കൊള്ളുകയാണ്. എന്തൊക്കെയാണ് അന്നു സംഭവിക്കാൻ പോകുന്നത്. സഭാപ്രസംഗി പറയുന്നതുപോലെ അന്ന് ഹാ, പൊൻകിണ്ണം തകരും, വെള്ളിച്ചരട് അറ്റുപോകും. മലങ്കരയുടെ നാലു ഭാഗങ്ങളിലുമുള്ള ദൈവത്തിന്റെ സഭകളെ മേയിച്ചു ഭരിക്കുന്ന മെത്രാന്മാർ അറക്കുവാൻ കൊണ്ടുവന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവന്റെ മുമ്പിൽ ചെമ്മരിയാടിനെപ്പോലെയും നിൽക്കും. ഏഴു വട്ടം ക്ഷമിക്കാനുള്ള ന്യായപ്രമാണം കർത്താവ് ഏഴെഴുപതു വട്ടമാക്കിയ മാതൃകയിൽ, അന്തിമ ന്യായവിധിയിൽ അപ്പോസ്തലന്മാർ പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്നു ന്യായം വിധിക്കുമെന്ന കർത്തൃകല്പന വിപുലമാക്കി പരാതിക്കിടയില്ലാത്തവിധം പന്ത്രണ്ടു പന്ത്രണ്ടിലുമുപരി 159 സിംഹാസനങ്ങളിലിരുന്ന് പരീശന്മാരും സാദൂക്യരും ന്യായം വിധിക്കും. അവരുടെ ഭാവിയെപ്പറ്റി തീരുമാനിക്കുന്നതിന് ഭയങ്കരമേറിയ കണക്കുപുസ്തകങ്ങൾ തുറക്കപ്പെടുകയും പാപങ്ങൾ എണ്ണപ്പെടുകയും ചെയ്യും. അയോഗ്യർ പുറത്തെ അന്ധകാരത്തിലേയ്ക്കു തള്ളപ്പെടും. വൃദ്ധന്മാരുടെ മേൽ പ്രയത്നങ്ങളിൽ നിന്നുള്ള വിശ്രമത്തിനും, യുദ്ധങ്ങളിൽ നിന്നുള്ള സമാധാനത്തിനും, പരിശുദ്ധന്മാരോടു കൂടിയുള്ള ആനന്ദത്തിനും വേണ്ടി തൈലം ഒഴിക്കപ്പെടും. വ്യാപാരത്താൽ താലന്തുകൾ വർദ്ധിപ്പിച്ചവർ കോട്ടയം, കൊല്ലം, തുമ്പമൺ, നിരണം ഭദ്രാസനങ്ങളിൽ നിയമിക്കപ്പെടും. മലങ്കരസഭയിൽ ശാന്തിയും സമാധാനവും കരകവിഞ്ഞൊഴുകും. രോമാഞ്ചം കൊള്ളാതിരിക്കാനൊക്കുമോ?

2014 മാർച്ച് 20 എന്തു സംഭവിക്കുമെന്നോ? അന്നാണ് മലങ്കര സഭയിലെ മെത്രാന്മാരുടെ സ്ഥലംമാറ്റവും റിട്ടയർമെന്റും മാനേജിംഗ് കമ്മിറ്റി പ്രാബല്യത്തിൽ വരുത്തുവാൻ പോകുന്നത്. എന്നു മാത്രമല്ല, അതിനുമപ്പുറം, കഴിവുള്ള മെത്രാന്മാരുടെ സേവനം എല്ലാ ഭദ്രാസനങ്ങൾക്കും ലഭ്യമാകുന്ന വിധത്തിലുള്ള സംവിധാനമാണത്രേ അന്ന് മാനേജിംഗ് കമ്മിറ്റി ഏർപ്പെടുത്താൻ പോകുന്നത്! (എന്നു കോ-ഓർഡിനേറ്ററുടെ പ്രസ് റിലീസ്) എത്ര നല്ല കാര്യം. അപ്രകാരം ചെയ്യണമെങ്കിൽ ആദ്യം നിലവിലുള്ള മെത്രാന്മാരുടെ കഴിവും കഴിവുകേടും തിരിച്ചറിയണം. നിശ്ചയമായും കഴിവുകെട്ടവരെ ഒഴിവാക്കണം. അതിനുള്ള (ഏക) മാർഗ്ഗം മാനേജിംഗ് കമ്മിറ്റിയിൽ അവരുടെ പ്രവർത്തനങ്ങളെ ശോധന ചെയ്യുക എന്നതാണ്. തീർച്ചയായും കഴിവുകെട്ടവരുടെ ശല്യം ഇനിയൊരു ഭദ്രാസനത്തിനും ഉണ്ടാകാതിരിക്കാനുള്ള സംവിധാനവും ഉൾപ്പെടുത്തണം. അത് സഭയ്ക്ക് ആവശ്യമാണ്. അതിനൊരു പരസ്യവിചാരണ കൂടിയേതീരൂ. അല്ലാതെങ്ങനെ നന്മതിന്മകളെ തിരിച്ചറിയും? കാരുണ്യം കണികാണാത്ത പന്തീരാറു വിധിജ്ഞർ വിസ്താരം ചെയ്തൊരുപോലെ..... മാർ ഗീവർഗീസ് സഹദായെ ശിക്ഷിച്ചതുപോലെ അതിന്റെ ഇരട്ടിയിലധികം പേർ നടത്തുന്ന വിസ്താരം തെറ്റാനിടയില്ല. മലങ്കരസഭയിലെ ഏക പ്രശ്നമായ മെത്രാന്മാരെ നേരെയാക്കി കൂദോശ് ഈത്തോ (സഭയുടെ ശുദ്ധീകരണം) നടക്കാൻ പോകുന്നു. രോമാഞ്ചം വരാൻ വേറെന്തുവേണം?

---

കൂടത്തിന്റെ സഹകരണം നേടുകയാണ് ആവശ്യം. അതിനുപകരം സർക്കാരിനെതിരെ യുദ്ധ പ്രഖ്യാപനം നടത്തിയും അന്ത്യശാസനം നൽകിയും സമൂഹത്തിൽ സ്വയം അപഹാസ്യമാകാതെ സഭ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

സസ്നേഹം,

നിങ്ങളുടെ

അത്തനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

---

**കവിത**

## പുസ്തകവും മദ്യവും

ഇരുപത് കോടിക്ക് പുസ്തകം വിൽക്കുന്ന കേരളം
ഇരുസഹസ്ര കോടിക്ക് മദ്യവും വിൽക്കുന്നു.
മദ്യവും വിദ്യയും തമ്മിലുള്ളന്തരം
കേരള നാടിന്റധോഗതി തന്നെടോ.

സുകുമാർ അരിക്കുഴ

ഒന്നാമതായി സ്മാർത്തവിചാരം നടത്താൻ ഇല്ലത്തിനു മുമ്പിൽ ഒരു നെടുമ്പുര കെട്ടണം. പഴയ സെമിനാരിയിൽ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ഹാൾ ഉള്ളതിനാൽ നെടുമ്പുര ഒഴിവാക്കാം (ഈ ഹാൾ ഏതെന്നു മനസ്സിലായില്ലേ? അതിലാണ് കുറെ വർഷങ്ങളായി മാനേജിംഗ് കമ്മിറ്റി കൂടുന്നത്). എങ്കിലും പഴയ സെമിനാരി മാനേജർ പ്രത്യേകം ശ്രദ്ധിക്കണം. പ്രതി കുറ്റം സമ്മതിക്കുന്നതുവരെ സ്മാർത്തവിചാരം നീളും. അതുവരെ സ്മാർത്തന്മാർക്ക് നാലുനേരം ചതുർവിഭവങ്ങളോടുകൂടി സദ്യ കൊടുക്കണം. അതിനുള്ള സാമഗ്രികൾ കരുതണം. ഒന്നിനും കുറവു വരാൻ പാടില്ല.

ഇവിടെ കുറ്റാരോപിതരായ മെത്രാന്മാർ നമ്പൂതിരി ഭാഷയിൽ കുറ്റാരോപണസമയം മുതൽ സാധനം എന്നാണ് അറിയപ്പെടുന്നത്. അവർക്ക് സഭയോടു സ്നേഹമുണ്ടെങ്കിൽ ആദ്യമേ തന്നെ കുറ്റം സമ്മതിക്കാതെ സ്മാർത്തവിചാരം അവസാനിക്കുന്നില്ല. അതുവരെ സ്മാർത്തർക്ക് ചിലവിനു കൊടുക്കണം. സ്മാർത്തവിചാരത്തിനു സദ്യ നടത്തി മുടിഞ്ഞുപോയ ഇല്ലങ്ങൾ കേരളത്തിലുണ്ട്. കുറ്റം സമ്മതിച്ചാൽ പതിവുപോലെ കൃത്യം ഒരു മണിക്ക് ഉണ്ടു പിരിയാം.

സാധനവും സ്മാർത്തവിചാരത്തിനായി ചിലതൊക്കെ കരുതേണ്ടിയിരിക്കുന്നു. ഒന്നാമതായി അവർ നെടുമ്പുരയിൽ നേരിട്ടു പ്രത്യക്ഷപ്പെട്ടുകൂടാ. വെളുത്ത പുതപ്പു കൊണ്ട് ശരീരമാസകലം മൂടി ഓലക്കുടയും ചൂടി അഞ്ചാംപുരയിലിരിക്കണം. സാധനം മെത്രാനായതുകൊണ്ട് വെളുത്ത പുതപ്പിനു പകരം വലിയ ശോശപ്പായും ഓലക്കുടയ്ക്കു പകരം മുത്തുക്കുടയും മതിയാകുമായിരിക്കണം. സാധനത്തിനോടു നേരിട്ടു ചോദ്യോത്തരം ലേശം കൂടി പുറകോട്ടു പോയി നോക്കിയപ്പോൾ കിട്ടിയത് ഹൂദായ കാനോനാണ്. അതാകട്ടെ ഭരണഘടനയിലും കേമം. ഏഴാം അദ്ധ്യായത്തിൽ ശ്ലീഹന്മാരുടെ 77, 78 കാനോനുകൾ മെത്രാനെ വിസ്തരിക്കുവാനുള്ള അധികാരം മെത്രാന്മാരുടെ സുന്നഹദോസിനു മാത്രമാണെന്നു അസന്നിഗ്ദ്ധമാം വിധം വ്യക്തമാക്കുന്നു. പോരെങ്കിൽ അതേ അദ്ധ്യായത്തിലെ കുസ്തന്തിനോ പോലീസ് നിശ്ചയം, ചുമ്മാ ആരോപണം ഉന്നയിക്കുന്നതും തടയുന്നു. അവിടെയും രക്ഷയില്ല.

അങ്ങനെയങ്ങു തോൽക്കാൻ പറ്റില്ലല്ലോ. കാദീശ്‌ല് ഈത്തോ നടപ്പാക്കാതിരിക്കാൻ പറ്റുമോ? ഏതെങ്കിലും നിയമം കണ്ടുപിടിച്ചേ പറ്റൂ. അന്വേഷിച്ചാൽ കണ്ടെത്തുമെന്നല്ലേ പ്രമാണം. വീണ്ടും പുറകോട്ടുപോയി. കിട്ടി. കണിയാൻ പൊരുത്തത്തിനു പഴുതു കണ്ടെത്തുന്നതുപോലെ കിട്ടി. സ്മാർത്തവിചാരം.

സ്മാർത്തവിചാരം എന്തെന്നറിയില്ലേ? പണ്ട് നമ്പൂതിരി സ്ത്രീകൾക്ക് അടുക്കണദോഷം (ചാരിത്രശങ്ക) ഉണ്ടായാൽ നടത്തുന്ന വിചാരണയാണ് സ്മാർത്തവിചാരം. അതു പരീക്ഷിക്കാം. നസ്രാണി പണ്ടു നമ്പൂതിരി ആയിരുന്നെന്നല്ലേ ഊറ്റംകൊള്ളുന്നത്. പോരെങ്കിൽ നമ്പൂരിയെയും മെത്രാന്മാരെയും വിളിക്കുന്നത് തിരുമേനി എന്നും, സ്മാർത്തവിചാരം ആവാം, സംശയമില്ല.

സ്മാർത്തവിചാരത്തിന് സ്മാർത്തർ, ഓതിക്കോൻ, വാദ്ധ്യാർ, അകക്കോയ്മ മുതലായ ഒരുപാടു സ്ഥാനികൾ വേണം. 159 വിധികർത്താക്കളെ ഇവയോരോന്നുമായി അഡ്ജസ്റ്റ് ചെയ്യാം. എങ്കിൽപ്പോലും ഒരുപാട് തയ്യാറെടുപ്പുകൾ സ്മാർത്തവിചാരത്തിന് ആവശ്യമുണ്ട്.

അടി മുതൽ മുടി വരെ രോമാഞ്ചം കൊണ്ടു ത്രസിച്ചു നിൽക്കുമ്പോഴും ഈ ലേഖകനൊരു സംശയം. (സംശയം വരാതിരിക്കുമോ? സംശയാലുവായ തോമ്മായുടെ വർഗ്ഗമല്ലേ?) ഏതു നിയമപ്രകാരം ഇവരെ ശോധനചെയ്യും? അന്തിമ ന്യായവിധി നടത്തുന്ന അത്യുന്നത ന്യായാധിപൻ മുഖപക്ഷം നോക്കാതെ അതു നടപ്പാക്കുമെന്നു മുമ്പിനാലെ കല്പിച്ചിട്ടുണ്ട്. സ്വർഗീയാധിപതിക്ക് നിയമപുസ്തകങ്ങളുടെ പിൻബലം വേണ്ട. ബലഹീനരും പാപികളുമായ മനുഷ്യർക്ക് അതു പോര. അങ്ങേരുപോലും മുകളിൽ നിന്നു കിട്ടാത്ത ഒരധികാരവും നിനക്കില്ലെന്നു പീലാത്തോസിനോട് കല്പിച്ചിട്ടുണ്ട്. അതിനാൽ ഇതിനും നാലു പേരു കേട്ടാൽ കുറ്റം പറയാത്ത ഒരു നിയമത്തിന്റെ പിൻബലം വേണം. അല്ലെങ്കിൽ വല്ലവരും കോടതി കയറിയാലോ? മാപ്പിളയ്ക്കാണെങ്കിൽ വേണ്ടതിനും വേണ്ടാത്തതിനും കോടതി കയറി നല്ല തഴക്കവും പഴക്കവുമുണ്ട്. അതിനാൽ നിയമപരിരക്ഷ കൂടിയേ തീരൂ.

ഇവിടെയാണ് പ്രശ്നം തല പൊന്തിയത്? ഏതു നിയമം പ്രയോഗിക്കും? മലങ്കരസഭയ്ക്ക് നിലവിലുള്ള നിയമം നശിച്ച ഘടന എന്നൊരു ഭദ്രാസന സെക്രട്ടറി ഒരിക്കൽ വിശേഷിപ്പിച്ച 1934-ലെ 118-ാം വകുപ്പുപ്രകാരം മെത്രാനെ വിസ്തരിക്കുവാൻ മെത്രാന്മാരുടെ സുന്നഹദോസിനെ അധികാരമുള്ളു. അയ്മേനിക്കോ കത്തനാർക്കോ അങ്ങോട്ട് എത്തി നോക്കണമെങ്കിൽ ക്ഷണിക്കപ്പെടണം. എന്നു മാത്രമല്ല, 119-ാം വകുപ്പുപ്രകാരം അപ്രകാരം ക്ഷണിക്കപ്പെടണമെങ്കിൽ കാനോൻ, വേദശാസ്ത്രം, നിയമം ഇവയിൽ വിദഗ്ദ്ധനായിരിക്കുകയും വേണം. എന്തു ചെയ്യാം? 159 വിധികർത്താക്കളെ പ്പറ്റി ഒന്നും അവിടെ പറയുന്നില്ല.

പാടില്ല. വൃഷളി (വേലക്കാരി) വഴി മാത്രമാണ് അത് അനുവദനീയം. മെത്രാനാകുമ്പം വൃഷളിക്കു പകരം ശെമ്മാശൻ മതി എന്നു വെക്കാം. അതിനാൽ വലിയ ശോശപ്പാ, മുത്തുക്കുട, ശെമ്മാശൻ ഇവ നിശ്ച യമായും കരുതണം. മനോബല ത്തിനായി 22-ാം സങ്കീർത്തനം മനഃപാഠമാക്കുന്നതും നല്ലതാണ്.

സാധനം കുറ്റം സമ്മതിച്ചു കഴിഞ്ഞാൽ പിന്നീട് ഭ്രഷ്ട് കൽപ്പി ക്കലാണ്. തലമുറകളിൽപ്പോലും തീർത്താൽ തീരാത്ത ആ പാപം ചെയ്യാൻ ഒരു സ്മാർത്തനും തയ്യാ റാവില്ല. പകരം ആ പാപഭാരം തന്റെ അരിവയ്പ്പുകാരൻ കുട്ടിപ്പ ട്ടരെ ഏൽപ്പിക്കും. പത്തു പണം കിട്ടിയാൽ ഏതു നീചകൃത്യവും ചെയ്യുന്ന പാണ്ടിപ്പട്ടർ ശിക്ഷാവിധി വിളിച്ചു പറയും. വിളിച്ചുപറയാൻ പട്ടർ വേണം എന്ന ചൊല്ലുണ്ടാ യതു തന്നെ ഇതിൽ നിന്നാണ്. ഭാഗ്യത്തിന് ഇവിടെ അതിനാളന്വേ ഷിക്കേണ്ടതില്ല. അത്തരക്കാർ ധാരാളം ആ ചുറ്റവട്ടത്തു കാണും.

എന്നാൽ മൃഗീയവും പൈശാ ചികവുമായ സ്മാർത്തവിചാര ത്തിൽ സാധനത്തിന് ഒരു പ്രത്യേ ക അവകാശമുണ്ട്. അവർ പറ യുന്ന സഹകുറ്റവാളികളും ചോദ്യ മില്ലാതെ ഭ്രഷ്ടരാകും. അത് വിചാ രണ നടത്തുന്ന സ്മാർത്തർ വേണ മെങ്കിലും ആകാം. അവർക്ക് വാദി ക്കാനോ എതിർക്കാനോ അവകാ ശമില്ല. നിരപരാധിത്വം തെളിയി ക്കണമെങ്കിൽ ശുചീന്ദ്രത്തുപോയി തിളച്ച നെയ്യിൽ കൈ മുക്കണം. മാപ്പിള ആയതുകൊണ്ട് കൈമുക്കു പരീക്ഷ ശുചീന്ദ്രത്തിനു സമീപസ്ഥ മായ തിരുവിതാംകോട്ടുപള്ളിയിൽ മതിയെന്നു വെയ്ക്കാം. എന്നാ ലും സ്മാർത്തവിചാരത്തിനും കൈമുക്കിനും അതിന്റേതായ നിയ മങ്ങളും നടപടിച്ചട്ടങ്ങളുമുണ്ട്. അവ പാലിച്ചേ തീരൂ. മെത്രാന്മാ രുടെ സ്മാർത്തവിചാരത്തിലും ഈ സാമാന്യനീതി അനുവദിക്കു മെന്നു പ്രതീക്ഷിക്കാം. അപ്രകാരം സഹകുറ്റവാളികളാകുന്നവരെയും പുറത്തെ അന്ധകാരത്തിലേയ്ക്കു തള്ളണം. എന്നാലേ നിയമം പൂർണ്ണമായും നടപ്പിലാവൂ.

കൊച്ചി രാജ്യത്തു നടന്ന അവ സാനസ്മാർത്ത വിചാരത്തിൽ സാധനമായ കുറിയേടത്തു താത്രി ഈ വ്യവസ്ഥിതിയോടുള്ള വെല്ലു വിളിയായി അന്നത്തെ ഏറ്റവും പ്രമുഖരായ 84 നിരപരാധികളുടെ പേരു പറഞ്ഞു. അവരെല്ലാം ഭ്രഷ്ട രായി. പിന്നീടു പറയാൻ തുടങ്ങി യപ്പോൾ സ്മാർത്തൻ മതി എന്നു പറഞ്ഞത്രേ. കാരണം അടുത്തത് കൊച്ചീരാജാവിന്റെ പേരായിരിക്കു മെന്ന് സ്മാർത്തന് അറിയാമായി രുന്നു.

ഓർക്കുക-മലങ്കരസഭയിൽ മെത്രാന്മാരുടെ സ്മാർത്തവിചാരം ഒരിക്കൽ അനുവദിച്ചാൽ അത് സ്മാർത്തരിൽ മാത്രമല്ല ആസന്ന ഭാവിയിൽ കൊച്ചീരാജാവിലും എത്തിച്ചേരും. അത് അനുവദി ക്കാമോ? ഒരിക്കലും പാടില്ല. കാ രണം ഇത് സഭയാണ്. പ്രസ്ഥാന മല്ല, 159 സ്മാർത്തന്മാരിൽ ചിലർ കരുതുന്നതുപോലെ സാമുദായിക സംഘടനയുമല്ല.

1934-ൽ സഭാഭരണഘടനയ് ക്ക് രൂപം കൊടുത്ത വിവരമുള്ള ജനപ്രതിനിധികൾ തന്നെയാണ് വിശ്വാസം, പട്ടത്വം, അച്ചടക്കം ഇവ പ. എപ്പിസ്കോപ്പൽ സുന്നഹദോ സിന് നിരുപാധികം വിട്ടുകൊടുത്ത ത്. മെത്രാന്മാരുടെ പേരിൽ പരാ തിയുണ്ടെങ്കിൽ അതു പരിഹരിക്കേ ണ്ടത് വ്യവസ്ഥാപിത മാർഗ്ഗങ്ങളി ലൂടെയാണ്. അതിനാദ്യം സ്വന്തം നിയമം പഠിക്കുകയും കഴമ്പുള്ള പരാതി ഉന്നയിക്കുകയുമാണ് വേണ്ടത്. അല്ലാതെ കോ-ഓർഡി നേഷൻ കമ്മിറ്റിയുണ്ടാക്കി അവരെ സ്മാർത്തവിചാരം നടത്തിയല്ല.

## അനുമോദിക്കുന്നു

പാലക്കുഴ: മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ബി.എ. ഡിഗ്രി പരീക്ഷയിൽ പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവകാംഗം സാന്ദ്ര മരിയ പോൾ 1-ാം റാങ്ക് നേടി. കുരിശിങ്കൽ കെ.സി. പൗലോസിന്റേയും ജബീല പൗലോസിന്റെയും മകളാണ്. മണിമലകുന്ന് ഗവൺമെന്റ് കോളേജിൽ ബി.എ. ട്രിപ്പിൾ മെയിൻ (ഇംഗ്ലീഷ് ജേർണലിസം, കമ്മ്യൂണിക്കേഷൻ) എന്നിവ ഐച്ഛികമായി പഠിച്ച സാന്ദ്ര പള്ളിയിലെ വിദ്യാർത്ഥി-യുവജനപ്രസ്ഥാനത്തിലെ സജീവാംഗവുമാണ്. ജേതാവിനെ വികാരി ഫാ. ഷിബു കുര്യൻ പൊന്നാട അണിയിച്ച് പൂച്ചെണ്ട് നൽകി അനുമോദിച്ചു.

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് – 100 രൂ.

ആയുഷ്ക്കാലം – 1000 രൂ.

വിദേശത്ത് – 6000 രൂ. (100 ഡോളർ)

തിരുവചനവിചാരം

# അനുതാപത്തിലെ ഫലങ്ങൾ രക്ഷയുടെ അച്ചാരം

വേദഭാഗം : ലൂക്കോ. 3:8-15

ഡോ. തോമസ് അത്താനാസ്യോസ്

നിങ്ങൾ അനുതാപത്തിന് യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുക. 'ഞങ്ങൾക്ക് പിതാവായി അബ്രാഹം ഉണ്ട്' എന്ന് സ്വയം പറയണ്ട ...... നല്ല ഫലം കായ്ക്കാത്ത ഓരോ വൃക്ഷവും മുറിച്ച് തീയിൽ എറിയും (ലൂക്കോ: 3:8, 9)

സ്നാപകയോഹന്നാൻ തന്റെ അടുക്കൽ വന്നെത്തിയവരോട് സംസാരിക്കുന്ന ഭാഗമാണിത്. അവരോട് രക്ഷയുടെ വഴി അദ്ദേഹം വ്യക്തമാക്കുകയാണ്. യഹൂദന്മാർ ശാരീരിക പ്രകാരം അബ്രാഹാമിന്റെ വംശത്തിൽ പെട്ടവരാണ് എന്നതുകൊണ്ട് മാത്രം രക്ഷ ലഭിക്കില്ല എന്നാണിവിടെ പറയുന്നത്. അബ്രാഹം പിതാവുമായുള്ള ബന്ധം കൊണ്ട് സ്വാഭാവികമായും രക്ഷ അവർക്ക് അവകാശപ്പെട്ടതാണ് എന്ന ധാരണയാണ് യോഹന്നാൻ ഇവിടെ പൊളിക്കുന്നത്. കുടുംബ-വംശ ബന്ധങ്ങൾ കൊണ്ട് തനിയെ വന്നു ഭവിക്കുന്നതല്ല മനുഷ്യ രക്ഷ എന്ന് യോഹന്നാൻ വിശദീകരിക്കുകയാണ്.

യഹൂദന്മാർ രക്ഷിത ജനമെന്ന് സ്വയം വിശ്വസിച്ചു. കാരണം അവർ ദൈവിക വാഗ്ദാനപ്രകാരമുള്ള മക്കളും, അബ്രഹാമിന്റെ വംശത്തിലുള്ളവരും ആയിരുന്നതുകൊണ്ട് ആ ഘടകങ്ങൾ അവർക്ക് രക്ഷ പ്രദാനം ചെയ്യുമെന്ന ധാരണ അവർക്കുണ്ടായിരുന്നു. വ്യക്തി ജീവിതത്തിൽ അനുതാപവും, അതിൻ പ്രകാരം പ്രവൃത്തിയിലുള്ള പരിവർത്തനവും ഉണ്ടാകാത്തിടത്തോളം കാലം അബ്രഹാമിന്റെ സന്തതികൾ എന്ന സ്ഥാനത്തിന് യാതൊരു പ്രത്യേക വരങ്ങളും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായിട്ട് അവർക്ക് ലഭിക്കില്ല എന്നാണ് യോഹന്നാന്റെ വാദം.

രക്ഷയുടെ പര്യായമായി അബ്രഹാമിന്റെ മകൻ, അബ്രഹാമിന്റെ മകൾ എന്നീ പദങ്ങൾ കർത്താവും പ്രയോഗിക്കുന്നുണ്ട്. തന്റെ സന്നിധിയിൽ നിൽക്കുന്ന സഖായിയെ പറ്റി ഇവൻ അബ്രഹാമിന്റെ മകൻ ആയതുകൊണ്ട് അവന്റെ ഭവനത്തിന് രക്ഷ ലഭിച്ചു എന്ന് പറയുന്നു. കൂനിയായ സ്ത്രീയെ കർത്താവ് അബ്രഹാമിന്റെ പുത്രി എന്ന പദപ്രയോഗം കൊണ്ട് വിശേഷിപ്പിക്കുന്നുണ്ട്. അവർ രണ്ടുപേരും അബ്രഹാമിന്റെ തായ് വഴിയിൽ പിറന്നതുകൊണ്ടല്ല അവർ രക്ഷക്ക് അർഹരായിത്തീർന്നത്. അബ്രഹാമിന്റെ വിശ്വാസം അവരിൽ ഉണ്ടായിരുന്നതുകൊണ്ടാണ്. അതായത് വംശ-കുടുംബബന്ധമല്ല ഒരു വ്യക്തിയെ അബ്രഹാമിന്റെ സന്തതി ആക്കുന്നതും, രക്ഷക്ക് അർഹത നൽകുന്നതും. നേരെ മറിച്ച് അതുവരെയുള്ള ജീവിതരീതിയെക്കുറിച്ചുള്ള പശ്ചാത്താപവും അതിന് അനുസൃതമായ ജീവിതവും ആണ്.

പൗലോസ് അപ്പോസ്തലൻ റോമാ ലേഖനത്തിൽ ഇതുതന്നെ സൂചിപ്പിക്കുന്നുണ്ട്. ശരീരപ്രകാരം അബ്രഹാമും ആയുള്ള ബന്ധവും, നിയമത്തിന്റെ കേവലമായ ആചരണവും അല്ല രക്ഷയുടെ ആധാരം; പ്രത്യുത, അബ്രാഹമിന്റെ വിശ്വാസത്തിലുള്ള സമാനതയും, പങ്കാളിത്തവും ആണ്. അതായത് ദൈവ പുരുഷന്മാരുമായ രക്ത-വംശീയ ബന്ധങ്ങൾക്ക് രക്ഷ പ്രദാനം ചെയ്യുന്ന പ്രക്രിയയിൽ യാതൊരു നിർണ്ണായക പങ്കുമില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വംശീയ ഔന്നത്യത്തിനോ മഹിമയ്ക്കോ യാതൊരു വിലയും ക്രിസ്തീയ ചിന്തയിൽ ഇല്ല എന്ന യാഥാർത്ഥ്യം അർത്ഥശങ്കയ്ക്കു പോലും ഇടം നൽകാത്തവണ്ണം വ്യക്തമാക്കുകയാണ് ഇവിടെ. വ്യക്തിയെ അബ്രാഹമിന്റെ സന്തതി ആക്കുന്നതും, അവന് രക്ഷക്ക് അർഹത നൽകുന്നതും ജീവിതത്തിലെ പശ്ചാത്താപവും സത്ഫലങ്ങളുടെ ഉത്പാദനവുമാണത്രെ.

ചെയ്യുന്ന തൊഴിലോ, സമുദായത്തിന്റെ അംഗീകാരമോ ഒന്നും ഇക്കാര്യത്തിൽ വിഷയമല്ല. യോഹന്നാനെ സമീപിച്ച് രക്ഷയുടെ മാർഗ്ഗം തേടുന്നവരിൽ ചുങ്കക്കാരും, പടയാളികളും ഉൾപ്പെടുന്നു. അവർ രണ്ടുകൂട്ടരെയും യഹൂദന്മാർ ഭ്രഷ്ടരായി പരിഗണിക്കുന്നവരാണ്. അവർ പലസ്തീൻ നാടിനെകോളനിയാക്കി ഭരിക്കുന്ന റോമൻ ഭരണകൂടത്തിന്റെ ജീവനക്കാരാണ്. യഹൂദരെ സംബന്ധിച്ചിടത്തോളം അബ്രാഹാമ്യബന്ധം നഷ്ടപ്പെടുത്തി വിജാതീയ കൂട്ടായ്മയിൽ കഴിയുന്നവരാണ് അവർ. എന്നാൽ ഇതൊന്നും യോഹന്നാനെ സംബന്ധിച്ച് രക്ഷയ്ക്ക് തടസ്സമല്ല. തൊഴിൽ ഉപേക്ഷിച്ച് യഹൂദ പൊതുധാരയോട് ചേരുവാൻ അദ്ദേഹം ആവശ്യപ്പെടുന്നുമില്ല. നേരെ മറിച്ച് അവരുടെ തൊഴിലിൽ സത്യസന്ധതയും, മനുഷ്യത്വവും പുലർത്തുവാൻ മാത്രമെ ആവശ്യപ്പെടുന്നുള്ളു. ഹിംസയും, അക്രമവും ഒഴിവാക്കി നീതിപൂർവ്വം ജീവിക്കുവാൻ

അവരോട് അദ്ദേഹം നിർദ്ദേശിക്കുന്നു. വ്യക്തിജീവിതത്തിന്റെ പരിവർത്തനമാണ് രക്ഷയ്ക്ക് ആധാരം.

എന്താണ് ദൈവഹിതപ്രകാരമുള്ള പ്രവൃത്തി എന്ന് യോഹന്നാൻ പറയുന്നു. ഭക്ഷണവും, വസ്ത്രവും, മനുഷ്യന്റെ അടിസ്ഥാനആവശ്യങ്ങളാണ്. ഇല്ലാത്തവരുമായി അവ നാം പങ്കുവയ്ക്കണം. രണ്ടു വസ്ത്രവും, അല്പം ഭക്ഷണവും ഉള്ളവർ പോലും ഈ പങ്ക് വയ്ക്കലിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല. നീതിബോധത്തിൽ വരുന്ന സ്ഥായിയായ പരിവർത്തനത്തെയാണ് ദൈവഹിതം അഥവാ സൽഫലങ്ങൾ എന്ന് യോഹന്നാൻ വിളിക്കുന്നത്. നീതിചിന്തയും നീതിയുടെ പ്രവർത്തനവും ദൈവഹിതത്തിന്റെ നിവർത്തിയായി കാണാനാവുമ്പോഴാണ് രക്ഷയുടെ അനുഭവം സിദ്ധിക്കുക. ദരിദ്രനെകരുതാതെയും ഇല്ലാത്തവരുമായി പങ്കുവയ്ക്കാതെയും നീതി നിർവ്വഹിക്കപ്പെടുന്നില്ല. ആചാരാനുഷ്ഠാനങ്ങളുടെ പൂർത്തീകരണവും മതനിയമങ്ങളുടെ ആചരണവും രക്ഷാനുഭവ പ്രക്രിയയിൽ യാതൊരു പങ്കും വഹിക്കുന്നില്ല.

അബ്രാഹാമുമായുള്ള വംശബന്ധവും ന്യായ പ്രമാണത്തിന്റെ ആക്ഷരീകമായ അനുഷ്ഠാനവും രക്ഷ കൈവരുത്തും എന്ന ധാരണയാണ് യോഹന്നാൻ ഇവിടെ തിരുത്തിക്കുറിക്കുന്നത്. യഹൂദ മതഘടനയോടും നേതൃത്വത്തോടും യോഹന്നാന് യാതൊരു ആദരവുമില്ല. കാരണം, സ്വന്തം മതപ്രസ്ഥാനത്തോടുള്ള സ്നേഹവും മതനേതാക്കളോടുള്ള വിധേയത്വവും അല്ല ഒരു വ്യക്തിക്ക് രക്ഷ പ്രദാനം ചെയ്യുന്നത് എന്ന് അദ്ദേഹത്തിന് അറിയാം. അതുകൊണ്ട് യഹൂദ മതനേതാക്കന്മാർക്ക് 'അണലിയുടെ സന്തതികൾ' എന്ന വിശേഷണമാണ് അദ്ദേഹം നൽകുന്നത്. പാരമ്പര്യങ്ങളും പ്രമാണങ്ങളും നേതാക്കന്മാരുടെ സിംഹാസനങ്ങളും ഒന്നും അദ്ദേഹത്തെ ഒട്ടും ആകർഷിക്കുന്നില്ല. സത്യത്തിൽ അവയോടെല്ലാം അദ്ദേഹത്തിന് പരമ പുച്ഛമാണ്. യിസ്രായേലിന്റെ ചരിത്രത്തെപ്പറ്റിയും പരമ്പരാഗത മത ജീവിതത്തെക്കുറിച്ചും അദ്ദേഹം ഒട്ടും അഭിമാനിക്കുന്നില്ല. വ്യക്തിയുടെ അനുതാപവും നീതിയുടെ പ്രവർത്തനവും ആണ് മനുഷ്യജീവിതത്തിന് അർത്ഥവും രക്ഷയും നൽകുന്നത് എന്ന യോഹന്നാന്റെ കാഴ്ചപ്പാട് സഭയും സഭാംഗങ്ങളും ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഇന്ന് സഭാനേതാക്കന്മാർ സ്വന്തം കിടപ്പിടത്തിന് 'അരമന' യെന്നും 'പാലസ്' എന്നും എഴുതിവെച്ചും പേരുകളോട് ദീർഘമായ വിശേഷണങ്ങൾ ചേർത്തും പേരിന്റെ വിശേഷണങ്ങളുടെ പേരിലും ലെറ്റർഹെഡിലെ മഷിയുടെ നിറത്തെ പ്രതിയും കലഹിച്ച് കഴിയുന്നതിൽ ലജ്ജ തോന്നേണ്ടതാണ്. ചരിത്രത്തെ മഹത്വവൽക്കരിച്ചും പാരമ്പര്യത്തിൽ അഭിമാനിച്ചും മാർത്തോമ്മാ ശ്ലീഹായെപ്പറ്റി ആത്മപ്രശംസ നടത്തിയും സഭാംഗങ്ങൾ തങ്ങളുടെ അവസ്ഥയിൽ അഭിരമിക്കുമ്പോൾ അതിനെയാണ് അർദ്ധനഗ്നനായ യോഹന്നാൻ വെല്ലുവിളിക്കുന്നത്: സർപ്പസന്തതികളേ നിങ്ങൾ ഇങ്ങനെയായാൽ രക്ഷപ്പെടില്ല. സഭയുടെ ചരിത്രത്തിൽ വന്ന വീഴ്ചകൾ പരസ്യമായി ഏറ്റുപറയുവാനും ഭൂതകാലത്തെ ഭിന്നതകളിലും പിരിച്ചിലുകളിലും പങ്കാളിത്തവും ഉത്തരവാദിത്തവും സ്വയം ഏറ്റുപറഞ്ഞ് അനുതപിക്കുവാനും സഭയ്ക്കും സഭാമക്കൾക്കും സാധിക്കേണ്ടതാണ്. സുവിശേഷത്തിന്റെ സ്വാധീനത്തിന് വിധേയമായി പുതുജീവിതം അന്വേഷിക്കേണ്ട സഭാസമൂഹം മുൻകാല ചരിത്രത്തെ മഹത്വീകരിക്കുകയും കലാപങ്ങളെ ആദർശവത്ക്കരിക്കുകയും പിഴവുകളെ വെള്ളപൂശി ആഘോഷമാക്കുകയും ചെയ്യുമ്പോൾ സഭ അതിന്റെ വിമോചനദൗത്യത്തിൽ നിന്ന് പിന്തിരിഞ്ഞ് വെറുമൊരു മതഘടനയായി പരിണമിക്കുകയാണ് എന്ന് ചിന്തിക്കേണ്ടതല്ലേ?

വിശ്വാസികൾ തങ്ങളുടെ-വ്യക്തി-സഭാജീവിതങ്ങളിൽ ഉണ്ടായ കുറവുകളും പിശകുകളും തിരിച്ചറിഞ്ഞ് അനുതപിച്ച് നീതിയുടെ അടിസ്ഥാനത്തിൽ ജീവിതം തിരുത്തിക്കുറിക്കണമെന്നാണ് ഈ അന്ത്യപ്രവാചകന്റെ ആഹ്വാനം. സാമ്പ്രദായീക ജീവിതരീതികൾ അനുവർത്തിച്ച് മതഘടനകളോട് മാത്രം വിധേയത്തം പുലർത്തി, സുവിശേഷമർമ്മങ്ങൾ തിരിച്ചറിയാതെ ജീവിക്കുന്നതിനെ ആണ് യോഹന്നാൻ ഇവിടെ വിമർശിക്കുന്നത്. ദിഗന്തങ്ങളിൽ മാറ്റൊലി കൊള്ളുന്ന തരത്തിൽ മരുഭൂമിയിൽ നിന്നുയരുന്ന ആ പ്രവാചക ശബ്ദം സഭയുടെ ജീവിതദർശനത്തിനും വിശ്വാസിയുടെ വഴിതെറ്റിയ പോക്കിനും തിരുത്തും പരിവർത്തനവും ഉണ്ടാക്കുവാൻ പ്രേരകമാകേണ്ടതാണ്. സഭ ഒരു ഭരണസംവിധാനമാണ് എന്ന് സ്ഥിതി മാറി ക്രിസ്തുവിന്റെ സാക്ഷ്യസമൂഹമാകേണ്ടതുണ്ട്. വിശ്വാസസമൂഹം നീതിസമൂഹമായി പരിവർത്തിതമാകുകയും വിശ്വാസി അനുതാപത്തിൽ ഉൾത്തിരിയുന്ന സൽഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുകയാണാവശ്യം. അങ്ങനെ ആയാൽ സഭ പൊതുസമൂഹത്തിൽ കർത്താവ് ആഗ്രഹിച്ചപ്രകാരം പുളിമാവിന്റെ ധർമ്മം നിർവ്വഹിക്കുവാൻ പ്രാപ്തമായിത്തീരും. അത് സ്വയം വെളിച്ചമായി ലോകത്തെ പ്രകാശിപ്പിക്കുകയും ചെയ്യും.

ലേഖനം

# മൂടുപടം

**ജോയി മേക്കോട്ടിൽ**

**മോ**ശ ദൈവത്തെ മുഖാമുഖം കണ്ടവനാണ്. പുരോഹിതന്മാർക്കുപോലും സ്പർശിക്കാൻ അനുവാദമില്ലാത്ത അതിവിശുദ്ധസ്ഥലമായ സീനായ്മലയിൽ ചവിട്ടിയവൻ. എന്നിട്ടോ മലയിറങ്ങി വരുമ്പോൾ ദൈവസാന്നിദ്ധ്യം കൊണ്ടു നിറഞ്ഞ ആ മുഖതേജസ്സിലേയ്ക്ക് നോക്കാനാകാതെ ജനം ഭയന്നുപോലും. അപ്പോഴാണ് തന്റെ മുഖതേജസ്സിനേയോർത്ത് മോശപോലും ബോധവാനായിട്ടുണ്ടാവുക. അതുകൊണ്ടാവണം അന്നു മുതൽ ഒരു മുഖാവരണം മോശയുടെ ജീവിതത്തിന്റെ തന്നെ ഭാഗമായി മാറുന്നത്. മല കയറുമ്പോൾ അഴിച്ചു വയ്ക്കാനും, ഇറങ്ങിവരുമ്പോൾ അണിയാനുമായി ഒരു മൂടുപടം.

ഇസ്രായേൽ കണ്ട ഏറ്റവും വലിയ പ്രവാചകനാണ് മോശയെന്ന് വചനം സാക്ഷ്യപ്പെടുത്തുന്നുണ്ട്. പക്ഷേ വചനം ആരേയും ഒഴിവാക്കുന്നില്ലല്ലോ. നാം വിശുദ്ധരെന്നു നിനയ്ക്കുന്നവരെപ്പോലും! യഹോവ മോശയെ തിരഞ്ഞെടുത്തതാണ്. തന്റെ ജനമായ ഇസ്രായേലിന്റെ വിമോചകനും നായകനുമായി നിയോഗിച്ചതുമാണ്. എന്നിട്ടും എല്ലാം അലച്ചിലുകൾക്കൂമൊടുവിൽ ആ സ്വപ്നഭൂമിയിൽ പ്രവേശിക്കാനായില്ല എന്നറിയുമ്പോൾ എങ്ങനെയാണ് സങ്കടപ്പെടാതിരിക്കുക. അതുവരെ നടന്നു തീർത്ത യാത്രാവഴികളിൽ ഉയിരിന്റെ ഓരോ സ്പന്ദനത്തിലും നിറഞ്ഞുനിന്നത് ദൈവശബ്ദം മാത്രമായിരുന്നുവല്ലോ. ഒടുവിൽ അതുവരെ പേറി നടന്ന സ്വപ്നങ്ങളെല്ലാം ഉടഞ്ഞു പോകുന്നത് എത്ര പൊള്ളുന്ന തിരിച്ചറിവാണ്.

സീനായ്മലയുടെ പടവുകളിറങ്ങുമ്പോൾ മോശ തന്റെ മുഖതേജസ്സിനെക്കുറിച്ച് ചിന്തിച്ചിരുന്നുവോ? ഇല്ലെന്നു വേണം കരുതാൻ. മലമുകളിലേറുമ്പോഴൊക്കെ മോശ പൂർണ്ണമായും നോക്കുന്നത് ദൈവമുഖത്തേയ്ക്കു മാത്രമാണ്. ശ്രവിക്കുന്നതോ ദൈവസ്വരം മാത്രമാണ്. തന്നിലേയ്ക്കല്ല തീർച്ചയായും! പിന്നെ എപ്പോൾ മുതലാണ് മോശയും ഇടറിപ്പോകുന്നത്? ചുറ്റുമുള്ള ജനം തന്റെ തേജസ്സുകണ്ട് വിസ്മയിച്ചപ്പോൾ മോശയുടെ മനസ്സും മെല്ലെ തന്നിലേയ്ക്കു തന്നെ തിരിഞ്ഞു പോയതാണ്. എവിടെ ആയിരിക്കുമ്പോഴും സ്വന്തം മുഖപ്രഭയെക്കുറിച്ചുള്ള തിരിച്ചറിവ് ഒരഭിമാനമായി മോശയും ഉള്ളിൽ കോറിയിട്ടിട്ടുണ്ടാകണം. പിന്നെപ്പിന്നെ ദൈവസന്നിധിയിലായിരിക്കുമ്പോൾ പോലും എപ്പോഴും സ്വമുഖ തേജസ്സിനെക്കുറിച്ചുള്ള ജാഗ്രതയിലായിരിക്കുക. മല കയറുമ്പോൾ പോലും ഉള്ളം നിറയെ ഈ പ്രഭയുടെ നിറവിലായിരിക്കുക. മുഖാവരണം ഉരിഞ്ഞുകളയുമ്പോഴും ഉള്ളിലെ മൂടുപടം എങ്ങനെ അഴിച്ചുവയ്ക്കാൻ? മോശയുടെ പിൽക്കാല ജീവിതം ഇത് ഒട്ടൊക്കെ അടയാളപ്പെടുത്തുന്നുണ്ട്. മരുഭൂയാത്രയിൽ എപ്പോഴും അകാരണമായി പിറുപിറുക്കുകയും പരിഭവം പറയുകയും ചെയ്യുന്ന ഇസ്രായേൽ ജനം. അവർ ദാഹജലത്തിനായി കേഴുന്ന സന്ദർഭത്തിൽ ആവശ്യമായ വെള്ളം പാറയിൽ നിന്ന് പുറപ്പെടുവിക്കാൻ തന്നെയാണ് യഹോവയുടെ കൽപന. കാരണം ജനങ്ങളുടെ ആവശ്യം ന്യായമാണ്. ഇവിടെ മോശയുടെ മുഖാവരണം മുഖത്ത് നിന്നല്ല. ഉള്ളിൽ നിന്നുതന്നെ ഉരിഞ്ഞു വീഴുന്നത് നോക്കുക. മോശയുടെ ചോദ്യം പാറയിൽ നിന്ന് ഞങ്ങൾ ജലം പുറപ്പെടുവിയ്ക്കണമോ എന്നാണ്. തന്റെ ജനതയ്ക്ക് ദാഹജലം നൽകുന്നത് ആ പരംപൊരുളാണെന്ന് ഏറ്റുപറഞ്ഞ് ആ ചൈതന്യത്തെ മഹത്വപ്പെടുത്തുന്നതിനുപകരം സ്വയം തന്നെത്തന്നെ പ്രതിഷ്ഠിച്ചു പോകുന്നു മോശ. ആ അനന്തമായ കരുണയ്ക്കും, ദയയ്ക്കും സ്വയം സാക്ഷ്യമേകുകകയല്ല. സ്വന്തം മുഖതേജസ്സിന്റെ മൂടുപടം ഒന്നുകൂടെ ഉറപ്പിച്ച് കെട്ടുകയാണിവിടെ മോശ! അപ്പോൾ മുതലാകണം സീനായ് മലയുടെ സ്വകാര്യനിമിഷങ്ങൾ മോശയ്ക്ക് കൈമാറ്റം വന്നിട്ടുണ്ടാകുക. പ്രാർത്ഥനകളുടെ ജപമണികളിൽ നിന്ന് അഗ്നി അണഞ്ഞുപോകുന്നതും ഇവിടെ മുതൽ തന്നെ! പിന്നെയെല്ലാം ചിരപരിചിതമായ അനുഷ്ഠാനത്തിന്റെ ശാഠ്യങ്ങളും അതിന്റെ ആഘോഷങ്ങളുമാണ്. സ്വന്തം മുഖതേജസ്സിനെ തന്റെ ജനത്തിൽ നിന്ന് ആവോളം മറച്ചുപിടിക്കണമല്ലോ. അതിന് ഈ മൂടുപടം ഇനി ഒരിക്കലും മാറ്റേണ്ടതില്ലെന്നു തീരുമാനിക്കുക.

മുഖപടങ്ങളെല്ലാം ഒരലങ്കാരമായി മാറിക്കഴിഞ്ഞ ആത്മീയതയുടെ വസന്തകാലത്തിലൂടെയാണ് നാമിന്ന് കടന്നു പോകുന്നത്. ഓരോരുത്തരും തങ്ങൾക്കിണങ്ങിയ മട്ടിലുള്ള മുഖാവരണങ്ങളണിഞ്ഞാണ് ഇന്ന് ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുന്നത്. ഈയിടെ സോഷ്യൽ മീഡിയയിൽ കണ്ട ഒരു കുറിപ്പാണ്. ഇന്ന് പാലസ്തീനിലേതുപോലെ ക്രിസ്ത്യാനി എന്ന നിലയിൽ നമ്മളിലാരെങ്കിലും അറസ്റ്റു ചെയ്യപ്പെട്ടാൽ? 'ഇല്ല ഒരു തെളിവുമുണ്ടാകില്ല കണ്ടുപിടിക്കാൻ. തീർച്ചയായും നമ്മെ വെറുതെ വിടും. ഇന്ന് നാം ജീവിക്കുന്ന ഈ സമൂഹത്തിൽ അപരനിൽ നിന്ന് എന്നെ വേർതിരിക്കുന്ന തേജസ്സിന്റെപ്രഭ അത് എന്നേ കെട്ടുപോയി!

*(2-ാം പേജിൽ നിന്ന് തുടർച്ച)*

പിടികൂടിയപ്പോൾ അവൻ പറഞ്ഞത് തന്റെ അമ്മയെപ്പറ്റി ചിലർ അപവാദം പറഞ്ഞതിലുണ്ടായ ദുഃഖമകറ്റാനാണ് അത് ചെയ്തതെന്നാണ്. അമ്മയുടെ അപഥസഞ്ചാരം ഏല്പിച്ച ആഘാതമകറ്റാൻ മകന്റെ ഒറ്റമൂലി! അവനുവേണ്ടി ഹാജരായതും അമ്മയായിരുന്നു. മകന്റെ ദുഃഖഹേതു ഞാനെങ്ങനെ ആ അമ്മയുടെ മുമ്പിൽ അവതരിപ്പിക്കും! അച്ഛനോ അതിർത്തി കാക്കുന്ന പട്ടാളക്കാരൻ.

ഉദ്യോഗസ്ഥരായ മാതാപിതാക്കളുടെ ഒറ്റ മകൻ. 11-ാം ക്ലാസു വരെ പഠിക്കാൻ അതിസമർത്ഥൻ. 12-ൽ എത്തിയപ്പോൾ മട്ടുമാറി. ആവശ്യങ്ങൾ അനവധി. സാധിച്ചു കൊടുത്തില്ലെങ്കിൽ വീട്ടിലെ അകസാമാനങ്ങളെല്ലാം അടിച്ചുപൊളിക്കും. എതിർത്താൽ അമ്മയെ കയ്യേറ്റം ചെയ്യും. അഭിമാനമായിരുന്ന മകൻ അപമാനമായി, ശാപമായി, ഭീഷണിയായി.

മാതാപിതാക്കളുടെ ചുമതലാനിർവ്വഹണം (parenting) നിസ്സാരമല്ല. അതു കൂടുതൽ കൂടുതൽ ദുഷ്കരമായിക്കൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ തിരുത്തലിന് മാതൃക കാണിക്കലും, ഉപദേശവും, പ്രശംസയും ശിക്ഷയുമൊക്കെയായിരുന്നു പരിഹാരം. എന്നാൽ അവയൊന്നും ഇന്നു ഫലം കാണാതെ വന്നിരിക്കുകയാണ്. മാതൃക കാണിച്ചാൽ 'അപ്പൻ പാവം, കുഴപ്പമില്ല' എന്നതായി മക്കളുടെ മനോഭാവം. ഉപദേശങ്ങൾക്കാണെങ്കിൽ വില കുത്തനെ ഇടിഞ്ഞിരിക്കുകയാണ്. ഉപദേശികൾ പലരും അപവാദത്തിന്റെ നീർച്ചുഴിയിലും. ശിക്ഷിക്കാൻ പോയാൽ കൂട്ടിലാണ്. അഴിയെണ്ണാം. അതുതന്നെയാണല്ലോ ആദ്യം ഉദ്ധരിച്ച സംഭവം കാണിക്കുന്നത്.

കുഞ്ഞിനെ പൊള്ളിച്ച അമ്മ അവനെ സ്നേഹിക്കുന്നില്ലെന്നു കരുതാൻ വയ്യ. സംഭവം പോലീസിലറിയിച്ചവരും, രോഷം കൊണ്ടവരും കുഞ്ഞിന്റെ അമ്മ-അച്ഛന്മാരേക്കാൾ അവനോടു സഹതാപമുള്ളവരാണെന്നും വിലയിരുത്തിക്കൂടാ. മറ്റു മാർഗ്ഗങ്ങളെല്ലാം പരാജയപ്പെട്ടപ്പോൾ ആയിരിക്കാം. ആ അമ്മ ഈ സാഹസത്തിന് തുനിഞ്ഞത്. ശിക്ഷ നിഷ്ഠൂരമായിപ്പോയിയെന്നതു തീർച്ച. എന്നിരുന്നാലും അവരുടെ വാക്കുകളെ വിശ്വസിച്ച് നമുക്ക് അവർക്ക് മാപ്പു നല്കാം. അവരോട് സഹതപിക്കാം. കുറ്റപ്പെടുത്താതിരിക്കാം. കുട്ടികളെ ശിക്ഷിക്കുന്നത് വികാരം വെടിഞ്ഞ് വിവേകത്തോടെ ആയിക്കൊള്ളട്ടെ. ലളിതമായ ശിക്ഷകൾക്കു ഫലം കാണാതെവരുമ്പോൾ ഒരു മനോരോഗവിദഗ്ദ്ധന്റെ സേവനം തേടേണ്ടതാവശ്യമാണ്. നല്ല മാതൃക കാണിച്ചും, സൗമ്യമായി ഉപദേശിച്ചും, നല്ല പുസ്തകങ്ങൾ വായിപ്പിച്ചും ദൈവമുമ്പാകെ അവരെ ഓർത്തു പ്രാർത്ഥിച്ചും നമുക്കവരെ തിരുത്താൻ ശ്രമിക്കാം.

ആഭരണങ്ങൾ അണിയിക്കുവാൻ വേണ്ടി കുഞ്ഞുങ്ങളുടെ ചെവിയും മൂക്കും കുത്തിത്തുളയ്ക്കുന്നതിലും മതാചാരമെന്ന നിലയിൽ അഗ്രചർമ്മം പച്ചയ്ക്ക് മുറിച്ചു കളയുന്നതിലും ആരും പ്രതിഷേധിച്ചോ അപലപിച്ചോ കണ്ടിട്ടില്ല. അതെന്താ അങ്ങനെ?

ഇപ്പറഞ്ഞതിൽ നിന്ന് കുട്ടികളോടുള്ള ക്രൂരതയെ അനുകൂലിക്കുന്നു എന്ന് അർത്ഥമാക്കരുത്. ശിക്ഷ അല്പം ക്രൂരമാകുമ്പോൾ അതിന്റെ ഉദ്ദേശ്യശുദ്ധിയും കൂടി കണക്കിലെടുക്കേണ്ടതുണ്ടെന്ന് സൂചിപ്പിച്ചു എന്നേയുള്ളൂ.

കുട്ടികളെ ശിക്ഷിക്കുന്നത് വികാരം വെടിഞ്ഞ് വിവേകത്തോടെ ആകട്ടെ. ലളിതമായ ശിക്ഷകൾക്ക് ഫലം കാണാതെ വരുമ്പോൾ ഒരു മനോരോഗ വിദഗ്ദ്ധന്റെ സേവനം തേടേണ്ടതാവശ്യമാണ്. നല്ല മാതൃക കാണിച്ചും സൗമ്യമായി ഉപദേശിച്ചും ഗുണപാഠമുള്ള കഥകൾ പറഞ്ഞു കേൾപ്പിച്ചും നല്ല പുസ്തകങ്ങൾ വായിച്ചും ദൈവമുമ്പാകെ അവരെ ഓർത്ത് പ്രാർത്ഥിച്ചും നമുക്ക് നമ്മുടെ കുഞ്ഞുങ്ങളെ തിരുത്താൻ ശ്രമിക്കാം.

മാനേ. എഡിറ്റർ

---

എന്റെ സ്വകാര്യമായ സുഖാന്വേഷണങ്ങൾക്കും അതിനായുള്ള എന്റെ കള്ളത്തരങ്ങൾക്കും അപ്പുറം എവിടെയാണെന്റെ ആത്മീയാന്വേഷണങ്ങൾ? ഇന്ന് നാം ആഗ്രഹിക്കുന്നതുപോലെ സൗഭാഗ്യങ്ങളിൽ മാത്രം തപസ്സിരുന്നവരായിരുന്നില്ലല്ലോ കഴിഞ്ഞ തലമുറ. എന്നിട്ടും അവർ അവരുടെ ജീവിത വഴികളിൽ വിശുദ്ധിയുടെ പുതിയ ആകാശവും പുതിയ ഭൂമിയും തീർത്തു അവർക്കാവുന്നതുപോലെ! മുഖപടമില്ലാതെ നമുക്കിടയിൽ ജീവിച്ച് ഒരു ബലിമൃഗത്തേപ്പോലെ കൊത്തിനുറുക്കപ്പെട്ട അവന്റെ നാമത്തിൽ നാം ഇന്ന് അത്ഭുതങ്ങൾ മാത്രം തേടുന്നു. ഇന്നത്തെ ക്രൈസ്തവ ജീവിതത്തിന്റെ ഏറ്റവും വലിയ മൂടുപടം ഇതാണെന്നു തോന്നുന്നു. അവന്റെ മജ്ജയെ, ചോരയെ, വിയർപ്പിനെക്കെ വഴിയിലെവിടെയോ ഉപേക്ഷിച്ചുകൊണ്ടുള്ള നമ്മുടെയൊക്കെ ജീവിതങ്ങൾ.

നീണ്ട ഇരുപത്തഞ്ചു വർഷത്തെ തപസ്സിനുശേഷം തന്റെ പഴയ ഗുരുവിനേതേടി ശിഷ്യനെത്തി. "നീയിപ്പോളെവിടം വരെയെത്തി?" ഗുരു ചോദിച്ചു. ശിഷ്യൻ അഭിമാനത്തോടെ പറഞ്ഞു. എനിക്കിപ്പോൾ വെള്ളത്തിനു മുകളിലൂടെ നടക്കാനാവും." "പത്തു പൈസ കടത്തുകാരനു കൊടുത്താൽ സാധിക്കാവുന്ന കാര്യത്തിന് ഇരുപത്തഞ്ചു വർഷം പാഴാക്കിയ വിഡ്ഢീ!" എന്നു പറഞ്ഞു ഗുരു മൗനിയായി! ദൈവമേ ഞാൻ എന്നഏകകത്തിൽ നിന്ന് എന്നാണ് എന്റെ ആത്മീയാന്വേഷണങ്ങൾ എന്റെ ജീവിതപരിസരങ്ങളിലേയ്ക്കു കൂടി വളരുക, അത്ഭുതങ്ങൾക്കപ്പുറം എന്റെ അകത്തളങ്ങളിലെ വെളിച്ചമായി..!!!

*Letter to the editor*

# BISHOPS' TRANSFER-A POLICY RETHINKING

**Dr. K.M. George**

I have read the thought provoking article by Metropolitan Dr. Athanasius in the Kandanad Diocesan Bulletin of May, 2017 with keen interest. He argues with a fair mind of a researcher, the pros and cons of the theme under discussion. As I have certain views pertaining to the theme, let me summarise the same below.

1) It is not an issue to be discussed in duress unless the flood gates may be opened up by any impending tsunami. It needs considerable debate and discussions at the regional levels by matured people with vision and fortitude Better the Church organise diocese level discussions based on a pre-decided agenda. Once the summarised findings come to a core group of experts, it may be submitted to the policy body namely synod for further discussions, directions and decisions.

2) As it is not a spiritual matter, it may be discussed in the working committee with a task force appointed for this purpose.

3) It is worthwhile to set up that task force under the chairmanship of Dr. Athanasius of Muvattupuzha, who did considerable research on the theme.

4) Synod should not be hijacked by a few sordid vested interest lobbies who manipulate innocent clergy and laity alike. The emerging common good of the Church must be the sole criterion.

5) The agenda for the task force may cover among others, evolving objective norms for any such transfer policy, would it result in better performers if the office is shifted ( absolution of incompetence), would it create a group of conformist subordinates or only proactive shepherds?, would it contain international begging for charity initiatives and globe tottering in the pursuit of out doing Mother Teresa!

6) This discussion points may be evolved very objectively by the task force.

## ആശംസകൾ നേരുന്നു

2017 ജൂൺ 28-ാം തീയതി 66-ാം ജന്മദിനം ആഘോഷിക്കുന്ന അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് എല്ലാവിധ കൃപകളും ദൈവം നൽകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. വൈവിധ്യമാർന്നതും ഈടുറ്റതുമായ ലേഖനങ്ങൾ കൊണ്ട് കണ്ടനാട് ഡയോസിസൻ ബുള്ളിൻനെ ധന്യമാക്കുന്ന അഭി. തിരുമേനിയെ അഭിനന്ദിക്കുകയും തുടർന്നും ഇത്തരം അനേകം രചനകൾ ആ തൂലികയിൽ നിന്ന് ജന്മംകൊള്ളട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

ചീഫ് എഡിറ്റർ

## വി. കുർബ്ബാന അർപ്പിക്കുന്നു

അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 66-ാം ജന്മദിനമായ 2017 ജൂൺ 28-ാം തീയതി ബുധനാഴ്ച രാവിലെ 8 മണിക്ക് അഭി. തിരുമേനി ഭദ്രാസനാസ്ഥാനമായ മൂവാറ്റുപുഴയിലെ സെന്റ് തോമസ് കത്തീഡ്രലിൽ വി. കുർബ്ബാന അർപ്പിക്കുന്നതാണ്.

അന്വേഷണം

# ദൈവം എവിടെ വസിക്കുന്നു ?

**എം. സൈമൺ**

യേശു കടന്നുപോകുന്നതു കണ്ട് യോഹന്നാൻ പറഞ്ഞു; "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" ഇതുകേട്ട യോഹന്നാന്റെ ശിഷ്യന്മാർ യേശുവിന്റെ പിന്നാലെ ചെന്ന് അവനോട് ചോദിച്ചു: നീയെവിടെ താമസിക്കുന്നുവെന്ന്! താമസിയ്ക്കുന്ന ഇടം വെളിപ്പെടുത്താതെ വന്നു കാണുക എന്നാണ് യേശു നിർദ്ദേശിച്ചത്. ദൈവം വസിക്കുന്ന ഇടം പറഞ്ഞറിയിക്കേണ്ട ഒന്നല്ല, അത് സ്വയം കണ്ട് ബോധ്യപ്പെട്ട് അനുഭവിച്ചറിയേണ്ടതാണ് എന്നറിയിക്കാനാണ് യേശു ഇങ്ങനെ പ്രതികരിച്ചത്.

ലോകത്തുള്ള എല്ലാ മതങ്ങളും നിലകൊള്ളുന്നതും തിരയുന്നതും ദൈവത്തെ കണ്ടെത്താനും അവന്റെ അനുഗ്രഹം നേടാനുമാണ്. കാശി, രാമേശ്വരം, പഴനി, മക്ക, വേളാങ്കണ്ണി മുതലായ ഇടങ്ങളിൽ ദൈവം വസിക്കുന്നു എന്ന് ജനം വിശ്വസിക്കുന്നു. മതങ്ങൾ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ യേശു പറയുന്നു- നിങ്ങൾ പിതാവിനെ ആരാധിക്കുന്നത് ഈ മലയിലോ, യെരുശലേമിലോ, അല്ലാതാകുന്ന സമയം വരുന്നു. യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന സമയം വരുന്നു (യോഹ. 4-22). അങ്ങിനെയെങ്കിൽ ദൈവം എവിടെയാണ് വസിക്കുന്നത്.

യേശുവിന് 12 വയസ്സുള്ളപ്പോൾ യേരുശലേം ദേവാലയത്തിൽ പോയി തിരികെ പോരുമ്പോൾ വളരെ ദൂരം പിന്നിട്ടപ്പോഴാണ് യേശു തങ്ങളുടെ കൂടെയില്ലെന്ന് മാതാപിതാക്കൾ അറിയുന്നത്. അവനെ അന്വേഷിച്ച് തിരിച്ച് ദേവാലയത്തിലെത്തിയ അമ്മ അവനെ അവിടെക്കണ്ട് പരിഭവിക്കുമ്പോൾ യേശു പ്രതികരിച്ചതിങ്ങനെയാണ്. ഞാൻ എന്റെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കുന്നത് യുക്തമല്ലയോ? എന്റെ ആലയം സർവ്വ ജനപഥങ്ങൾക്കും പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടുമെന്ന് യെശയ്യ 56-7ൽ പറയുന്നു. ദൈവത്തിന്റെ ആലയം ആയതുകൊണ്ടാണ് കച്ചവടക്കാരെയും കള്ളന്മാരെയും ചാട്ടവാറുകൊണ്ട് അടിച്ച് യെരുശലേം ദേവാലയത്തിൽ നിന്ന് യേശു പുറത്താക്കുന്നത് (മത്താ. 21-13). മേൽപ്പറഞ്ഞതിൽ നിന്നും ദൈവസാന്നിധ്യം ഉള്ളയിടമാണ് ദേവാലയം എന്ന് മനസ്സിലാക്കണം. അതുകൊണ്ടു തന്നെ അവയുടെ പരിശുദ്ധിയും പാവനതയും കാത്തുസൂക്ഷിക്കപ്പെടണം. അത് അവഗണിച്ച ഏലീപുരോഹിതന്റെ മക്കൾക്ക് കിട്ടിയ ശിക്ഷ 1-ശമുവേൽ 4-11ൽ പറയുന്നുണ്ട്.

46 വർഷമെടുത്ത് പണിതീർത്ത യെരുശലേം ദേവാലയം സമൂഹത്തിന് സമർപ്പിച്ചുകൊണ്ട് ശലോമോൻ നടത്തുന്ന പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നുണ്ട്. "സൂര്യനെ കർത്താവ് ആകാശത്തിൽ സ്ഥാപിച്ചിരിക്കുന്നു. എങ്കിലും താൻ കൂരിരുട്ടിൽ വസിക്കുമെന്ന് അരുൾ ചെയ്തു. സ്വർഗ്ഗത്തിനോ സ്വർഗ്ഗാതി സ്വർഗ്ഗത്തിനോ നിന്നെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. അവയെക്കാൾ എത്ര നിസ്സാരമാണ് ഞാൻ നിനക്കായി പണിയിച്ച ഈ ദേവാലയം." എത്ര വലുപ്പത്തിൽ പണിതാലും കോടികൾ മുടക്കി മോടി പിടിപ്പിച്ചാലും ദൈവത്തെ ഉൾക്കൊള്ളാൻ അവയൊന്നും മതിയാവില്ലെന്നുള്ള അറിവാണ് ശലോമോൻ ഇവിടെ പ്രകടമാക്കുന്നത്. അപ്പോസ്തോലിക സഭകളുടെ വിശ്വാസാചാരങ്ങളിൽ നിന്ന് മാറി നടക്കാൻ ചില സഭകൾ കണ്ടെത്തുന്ന ന്യായീകരണങ്ങളിൽ ഒന്ന് ഈ വേദഭാഗമാണ്. കൈപ്പണിയായതിൽ ദൈവം വസിക്കുന്നില്ലെങ്കിൽ പള്ളികൾ എന്തിനെന്ന് അവർ വാദിക്കുന്നു. ശലോമോന്റെ തുടർന്നുള്ള പ്രാർത്ഥനയിൽ ഇതിനുത്തരമുണ്ട്. "എന്റെ നാമം ഈ ആലയത്തിൽ ഉണ്ടായിരിക്കു"മെന്ന് നീ അരുൾ ചെയ്തുവല്ലോ. അതുകൊണ്ട് നിന്റെ ദാസർ ഈ ദേവാലയത്തിലേക്ക് തിരിഞ്ഞ് നിന്നോട് നടത്തുന്ന യാചനകൾ നീ ചെവിക്കൊള്ളണമേ. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. മനുഷ്യന്റെ നേത്രങ്ങൾക്ക് അഗോചരമായിരിക്കയാൽ കർത്താവ് കൂരിരുളിൽ വസിക്കുന്നു. സീനായ് പർവ്വതത്തിൽ ദൈവം മോശെയ്ക്ക് പ്രത്യക്ഷപ്പെടുന്നത് കനത്ത മേഘത്തിന്റെ മറവിലാണ്. പർവ്വതം മുഴുവൻ പുക കൊണ്ട് മൂടിയിരുന്നു. എന്തെന്നാൽ കർത്താവ് അഗ്നിയിലൂടെയാണ് അതിന്മേൽ ഇറങ്ങിയത്. അതിന്റെ പുക ചൂളയിലെ പുക പോലെ ഉയർന്നു (പുറപ്പാട് 19-18). കർത്താവിന്റെ പ്രഭാവം ദർശിക്കാനാഗ്രഹം പ്രകടിപ്പിച്ച മോശയോട് കർത്താവ് കല്പിച്ചു. നിനക്കെന്റെ മുഖം കാണാനാവില്ല, എന്നെ കാണുന്നവൻ ജീവനോടുകൂടെയിരിക്കില്ല (പുറ. 33-21).

മനുഷ്യനെ സൃഷ്ടിച്ച് ജീവശ്വാസമൂതി അവന് ജീവൻ കൊടുത്തപ്പോൾ കണ്ണുതുറന്ന് അവൻ ആദ്യം കണ്ടത് ദൈവത്തിന്റെ മുഖമായിരിക്കാം. ഏദനിൽ മനുഷ്യനും

ദൈവവും നിരന്തരം മുഖാമുഖം കാണുന്നുണ്ടായിരുന്നു. അതുകൊണ്ടായിരിക്കും തോട്ടത്തിൽ നടക്കാനിറങ്ങിയ ദൈവം പതിവുപോലെ ആദത്തെ കാണാതെ 'ആദമെ നീയെവിടെ' എന്ന് അന്വേഷിച്ചത്. പാപം ചെയ്ത് ഏദനിൽ നിന്ന് നിഷ്കാസിതനായപ്പോൾ മനുഷ്യനും ദൈവത്തിനുമിടയിൽ കൂരിരുൾകൊണ്ട് ഒരു മതിൽ സൃഷ്ടിക്കപ്പെട്ടു എന്നുവേണം മനസ്സിലാക്കാൻ. എങ്ങനെ ദൈവം ദർശനം തരുന്നു എന്ന് മത്താ. 25-31 മുതലുള്ള വാക്യങ്ങളിൽ വിവരിക്കുന്നുണ്ട്. വിശപ്പുള്ളവനായും ദാഹമുള്ളവനായും പരദേശിയായും രോഗിയായും വസ്ത്രമില്ലാത്തവനായും അരൂപിയായവൻ പല രൂപങ്ങളിൽ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അതു തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നവനെയാണ് സ്വർഗ്ഗീയ ഭവനത്തിൽ വിളിച്ചു ചേർക്കുന്നത്.

ടാഗോറിന്റെ ഒരു കവിതയുടെ സാരം ഏകദേശം ഇതുതന്നെയാണ്.

Singing and chanting with telling of beeds
Whom doth thou worship in temple?
Its doors all shut
He is not there, He is there
Where the tiller is tilling the hard ground
And where the path-maker is
breaking stones.

ദൈവത്തെയാണ് അന്വേഷിക്കുന്നതെങ്കിൽ ഉഴുന്നവന്റെയും പാറ പൊട്ടിക്കുന്നവന്റയും അടുക്കൽ ചെല്ലാൻ കവി നിർദ്ദേശിക്കുന്നു. നമ്മുടെ മനസ്സുകളിൽ കരുണയുടെ ചെടി നട്ട് ത്യാഗമെന്ന വളം ചേർത്ത് സ്നേഹമെന്ന ഫലം കായ്ക്കുന്ന ഒരു ബോധീവൃക്ഷം വളർത്താം. അതിന്റെ തണലിലിരുന്നാൽ ഈശ്വരൻ എവിടെ വസിയ്ക്കുന്നുവെന്ന് ബോധോദയം ലഭിക്കും. ■

## ബിഷപ്പുമാരുടെ ആത്മാർത്ഥതയിൽ വിശ്വാസം: മുഖ്യമന്ത്രി

തിരുവനന്തപുരം: മദ്യനിരോധനം വേണമെന്നു ബിഷപ്പുമാർ പറയുന്നത് ആത്മാർത്ഥമായിട്ടാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. അവരോടുള്ള എല്ലാ ആദരവും നിലനിർത്തിക്കൊണ്ടു പറയട്ടെ, അവർ പറയുന്നതു സർക്കാരിനു പൂർണമായി നടപ്പാക്കാൻ കഴിയില്ല. ബിഷപ്പുമാരോട് സർക്കാർ കാട്ടിയതിൽ വഞ്ചനയുടെ പ്രശ്നമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

മദ്യത്തിന്റെ കാര്യത്തിൽ എല്ലാക്കാലത്തും ഈ നയം തങ്ങൾ പറഞ്ഞിട്ടുള്ളതാണ്. എല്ലാവിധ മദ്യവും നിരോധിക്കണമെന്നു ചിന്തിക്കുന്നവരുണ്ട്. പക്ഷേ നാടിന്റെ അനുഭവം ഗൗരവത്തോടെ കാണണം. മദ്യാസക്തിയുള്ളവർ ലഹരി ലഭിക്കാൻ മറ്റു മാർഗ്ഗങ്ങൾ തേടുകയാണ്. ലഹരിയുടെ ഉപയോഗം വല്ലാതെ വർദ്ധിക്കുകയാണ്. ബാർ ഉടമകളുമായി ഒത്തുകളിച്ചു പുതിയ നയം കൊണ്ടുവന്നുവെന്ന ആരോപണം ശരിയല്ല.

സ്റ്റാർ ഹോട്ടലുകളിൽ നൽകുന്നതിനു കള്ളു കണ്ടെത്താൻ കള്ളു വ്യവസായം ശക്തിപ്പെടുത്തണം. ഈ രംഗത്തേക്കു തൊഴിലാളികൾ വരാൻ തയ്യാറില്ല. അതിനു പരിഹാരം കാണാനാണ് ടോഡി ബോർഡ് രൂപീകരിക്കുന്നത്. ഷാപ്പിന്റെ അതിർത്തിയിൽ തെങ്ങും തൊഴിലാളികളും ഇല്ലെങ്കിൽ പുറത്തുനിന്നു കള്ളു കൊണ്ടുവരേണ്ടിവരും.

ചെറിയ കുട്ടികൾ ഷാപ്പിൽ കയറി മദ്യപിക്കാതിരിക്കാനാണ് മദ്യം വാങ്ങുന്നതിന്റെ പ്രായപരിധി ഉയർത്തിയത്. പ്രായം കുറഞ്ഞവർക്കു മദ്യം നൽകിയാൽ വിൽക്കുന്നവർ ശിക്ഷിക്കപ്പെടും. ത്രീസ്റ്റാർ മുതൽ മുകളിലുള്ളവർക്ക് ബാർ നൽകുമ്പോൾ ഹോട്ടലിനു പുറത്തു ജനതാ കൗണ്ടർ തുറന്നു വിൽക്കാൻ അനുവദിക്കില്ല.

ഹോട്ടലിൽ ത്രീസ്റ്റാർ സൗകര്യം മാത്രം ഉണ്ടായിട്ട് കാര്യമില്ല. ത്രീസ്റ്റാർ പദവി തന്നെ വേണം. ബെവറിജസ് കോർപ്പറേഷന്റെ വില്പനശാലകൾ പുതിയതായി തുടങ്ങാൻ തീരുമാനിച്ചിട്ടില്ല. നിലവിലുള്ളതു കുറയ്ക്കാനും തീരുമാനിച്ചിട്ടില്ല. ത്രീസ്റ്റാറിനു താഴേക്ക് ബാറുകൾ വ്യാപിപ്പിക്കില്ല. ടൂറിസം മേഖലയെ കാര്യമായി ബാധിക്കുകയും സംസ്ഥാനത്തിന്റെ വരുമാനം ഇടിയുകയും ചെയ്തതിനാലാണ് ഇത്തരമൊരു തീരുമാനം എടുത്തത്.

സ്റ്റാർ ഹോട്ടലിൽ നിശ്ചിത വിലയിൽ കൂടുതൽ വാങ്ങരുത്. പുതിയ മദ്യനയം മൂലം എത്ര ബാറുകൾ തുറക്കുമെന്ന് ഇപ്പോൾ പറയാനാവില്ല. ദേശീയ, സംസ്ഥാന പാതകൾ സംബന്ധിച്ച സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ മുമ്പ് ഉണ്ടായിരുന്ന അത്രയും ബാറുകൾ ഏതായാലും ഇനി ഉണ്ടാവില്ല.

എൽ.ഡി.എഫ്. മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നുവെങ്കിലും നിരോധനത്തോടു അതിന് യോജിപ്പില്ല.സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കിയിടത്തൊന്നും പൂർണ വിജയം ആയിട്ടില്ല.

മദ്യവ്യാപനത്തിനും ലഹരിക്കുമെതിരെ 'വിമുക്തി' എന്ന പേരിൽ പ്രചാരണം നടത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു. കുർബ്ബാന വീഞ്ഞിന്റെ ഉല്പാദനത്തിന് ആവശ്യപ്രകാരം അനുമതി നൽകുമെന്നും അദ്ദേഹം ഉറപ്പു നൽകി.

RNI No. KERMAL/2012/46014 | Date of Publication 15-6-2017 | Licence No. KL/CR/ALU/WPP-04/2016-18
Registered. Reg. No. KL/ALY/0067/2016-2018 | Price Rs. 10/- | Licensed to Post Without Pre-payment



## സംയുക്താഘോഷം

വടകര സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിന്റെ 'ആശുപത്രിദിന'വും ട്രസ്റ്റ് പ്രസിഡന്റ് അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 66-ാം ജന്മദിനവും സംയുക്തമായി 2017 ജൂൺ 28 ന് സന്തുല ഓഡിറ്റോറിയത്തിൽ ആഘോഷിക്കും. രാവിലെ 10.30 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അഭി. തിരുമേനി അദ്ധ്യക്ഷത വഹിക്കും. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അത്മായ ട്രസ്റ്റി ജോർജ് പോൾ മുഖ്യ അതിഥിയായിരിക്കും. അദ്ദേഹം ആശുപത്രിദിന സന്ദേശം നൽകുകയും മെത്രാപ്പോലീത്തായ്ക്ക് ജന്മദിനാശംസകൾ നേരുകയും ചെയ്യും. തദവസരത്തിൽ ഫ്ളോറൻസ് നൈറ്റിംഗെയിന്റെ പേരിൽ പുതുതായി നിർമ്മിക്കപ്പെട്ടിരിക്കുന്ന വാർഡിന്റെ ഉദ്ഘാടനവും 2017 'സന്തുല വോയിസ്'ന്റെ പ്രകാശനവും നടക്കും.

കൂത്താട്ടുകുളം മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഓമന ബേബി, എം.പി.ഐ. ഡയറക്ടർ ഷാജു ജേക്കബ്, ട്രസ്റ്റ് വൈസ് പ്രസിഡന്റ് തോമസ് പുളിക്കീൽ എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിക്കും. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. എഡ്വേർഡ് ജോർജ് സ്വാഗതവും ട്രസ്റ്റ് സെക്രട്ടറി എ.പി. സെൽവിൻ കൃതജ്ഞതയും പ്രകാശിപ്പിക്കും. ഉച്ചഭക്ഷണത്തിനുശേഷം ആശുപത്രി സ്റ്റാഫിന്റെ വിവിധ കലാപരിപാടികൾ ഉണ്ടായിരിക്കും.

## വാർഷിക സമ്മേളനവും തെരഞ്ഞെടുപ്പും

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ യുവജന പ്രസ്ഥാനത്തിന്റെ വാർഷിക സമ്മേളനവും പുതിയ ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പും 2017 ജൂൺ 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിക്കും. മൂവാറ്റുപുഴ അരമന ഓഡിറ്റോറിയത്തിൽ ചേരുന്ന സമ്മേളനത്തിൽ ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് അദ്ധ്യക്ഷത വഹിക്കും. ഒ.സി.വൈ.എം. ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ് പങ്കെടുത്ത് പ്രസംഗിക്കും. സമ്മേളനത്തിൽ സന്തുല ട്രസ്റ്റ് ഹോസ്പിറ്റൽ ഡയറക്ടറും ചീഫ് ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ. എഡ്വേർഡ് ജോർജ്ജ് 'യുജവനങ്ങളും മാനസികാരോഗ്യവും' എന്ന വിഷയത്തിൽ ക്ലാസ്സെടുക്കും. ഭദ്രാസനത്തിലെ എല്ലാ ഇടവക വികാരിമാരും യുവജനപ്രസ്ഥാന ഭാരവാഹികളും അംഗങ്ങളും സമ്മേളനത്തിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നതായി ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ബാബു ജോൺ അറിയിക്കുന്നു.

## ഭവനദാനവും കൂദാശയും നടത്തി

പാലക്കുഴ: പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയുടെ നേതൃത്വത്തിൽ ഭവനരഹിതനായിരുന്ന ഇടവകാംഗം ശ്രീ. പൗലോസ് കണിയാംകുന്നേലിനു നിർമ്മിച്ചുനൽകിയ വീടിന്റെ കൂദാശയും താക്കോൽദാനവും അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നത് സഭയുടെ (ഇടവകയുടെ) ഔദാര്യമല്ലെന്നും നീതിയും സമത്വവും പുലരുന്ന സമൂഹത്തിൽ അത് സഹായം അർഹിക്കുന്നവരുടെ അവകാശമാണെന്നും അദ്ദേഹം അനുസ്മരിച്ചു. സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ സഹായിക്കുന്നത് ആദിമ ക്രൈസ്തവ സമൂഹത്തിന്റെ കരുതലും സ്നേഹവുമാണ് ഓർമ്മിപ്പിക്കുന്നത് എന്ന് അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത പറഞ്ഞു.

പുതിയ ഭവനാങ്കണത്തിൽ വികാരി ഫാ. ഷിബു കുര്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം പാലക്കുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോഷി സ്കറിയ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് അംഗങ്ങളായ ശോഭ മുരളീധരൻ, ജോസ് കുര്യാക്കോസ്, പള്ളി ട്രസ്റ്റിമാരായ മർക്കോസ് ജോൺ, കെ.ജെ. മത്തായി, സെക്രട്ടറി റ്റി.എം. മാത്യു എന്നിവർ ആശംസകൾ നേർന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൺവീനർ പീലിപ്പോസ് ജോൺ, എം.വി. മർക്കോസ്, ഇ.വി. കുര്യാക്കോസ്, വി.എം. മാത്യു എന്നിവരാണ് നേതൃത്വം നൽകിയത്. അഞ്ഞൂറ് ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടിന് ഏകദേശം നാലര ലക്ഷത്തോളം രൂപ ചെലവായി.



Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha